# അശമന്നൂർ പഞ്ചായത്ത്

എറണാകുളം ജില്ല

# നീർത്തട വികസന റിപ്പോട്ട്

## 2018



ഹരിതകേരളം മിഷൻ

ഗ്രാമപഞ്ചായത്ത് തല സാങ്കേതിക സമിതി

അശമന്നൂർ ഗ്രാമപഞ്ചായത്ത്

# ഉള്ളടക്കം

| പൊതുവിവരങ്ങൾ | പേജ് നം |
|---|---|
| ആമുഖം | 3 |
| ഗ്രാമ പഞ്ചായത്ത് തല | 5 |
| സാങ്കേതിക സമിതി അംഗങ്ങൾ | |
| ഭരണസമിതി അംഗങ്ങൾ | 6 |
| റിസോഴ്സസ് മാപ്പ് | 8 |
| ഭൂ പ്രകൃതിയും കാലവസ്ഥയും | 15 |
| പൊതുവിവരങ്ങൾ | 18 |
| പഞ്ചായത്ത് റോഡുകൾ | 19 |
| കർമ്മ പദ്ധതികൾ | 20 |
| കുളങ്ങളുടെ വിവരങ്ങൾ | 21 |
| കുളങ്ങളുടെ രേഖാംശവും അക്ഷാംശവും | 23 |
| നീർത്തടങ്ങളുടെ ചിത്രങ്ങൾ | 26 |
| കുളങ്ങളുടെ ചിത്രങ്ങൾ | 29 |
| തോടിന്റെ ചിത്രങ്ങൾ | 33 |
| ആസ്ഥി വിവരങ്ങൾ | 34 |
| പരിസ്ഥിതി അവലോകനം | 35 |
| നീർത്തടങ്ങളുടെ ലിസ്റ്റ് | 37 |
| പയ്യാൽ, നമ്പ്യാർ, ചിറങ്ങര (14P 140c) | 38 |
| ഇടപെടലുകൾ | 45 |
| പുമല പുന്നയം നീർത്തടം (14P 143b) | 48 |
| ഇടപെടലുകൾ | 58 |
| മേതല, ചെറുവത്തൂർ തോട് (14M 38R) | 61 |
| ഇടപെടലുകൾ | 68 |
| നീർത്തടം (13 M 35C) | 72 |

# ആമുഖം

സുസ്ഥിര വികസനം ലക്ഷ്യമാക്കി വികസന പ്രവർത്തനങ്ങൾ നീർത്തടാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് സമഗ്ര വികസന സാക്ഷാത്കരിക്കേണ്ടതിന്റെ പ്രാധാന്യം നാം നേരത്തെ തന്നെ മനസ്സിലാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രകൃതി വിഭവങ്ങളുടെ സ്വാഭാവിക അടിസ്ഥാന യൂണിറ്റായ നീർത്തടങ്ങളുടെ അതിരും, പഞ്ചായത്തിന്റെ ഭരണപരമായ അതിരും തമ്മിലുള്ള വ്യത്യാസം ഇത്തരമൊരു ആസൂത്രണം ഫലപ്രദമായി നടത്തുന്നതിനു തടസ്സമായി തുടർന്നു പോകുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമമാണ് നീർത്തടാടിസ്ഥാനത്തിൽ വിവരശേഖരമുണ്ടാക്കാനും അതിൽ നിന്നും വികസന പ്രശ്നങ്ങൾ ശാസ്ത്രീയമായി രൂപപ്പെടുത്തിക്കൊണ്ട് ഒരു നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ രേഖ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

ഭാവിയിൽ ഓരോ ചെറു നീർത്തടത്തിലും ഏറ്റെടുക്കപ്പെടേണ്ട വിവിധ വികസന പ്രവർത്തനങ്ങളെ മുൻഗണനാ ക്രമത്തിൽ ചിട്ടപ്പെടുത്തിയിക്കുള്ള രേഖയെന്ന നിലയിൽ നമ്മുടെ വികസ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനപ്രമാണമായി വർത്തിക്കാൻ ഈ മാസ്റ്റർ പ്ലാനിന് കഴിയും. കൃഷി കേന്ദ്രീകൃതമായ വികസന സമീപനത്തിൽ ഏറ്റവും ഊന്നൽ കൊടുക്കേണ്ടത് അടിസ്ഥാവിഭവങ്ങളുടെ ഫലപ്രദവും സ്ഥായിയുമായ ഉപയോഗത്തിനാണ്. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന വിഭവങ്ങളെ യുക്തയുക്തം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു വികസന സമീപനത്തിനേ, ഏതൊരു പ്രദേശത്തിന്റെയും സമ്പൂർണ്ണമായ വികസനം ഉറപ്പു വരുത്താനാകൂ. പ്രകൃതി വിഭവങ്ങളുടെ പരസ്പര പൂരകത്വം മനസ്സിലാക്കിയ, ഭരണപരമായ അതിരുകൾക്കപ്പുറം ഭൂമിയെ അതിന്റെ ഭൂരസവിശേഷതകൾക്കനുസരണം വേർതിരിക്കാൻ കഴിയുന്ന, കുറച്ചുപേരെ, നീർത്തടമാസ്റ്റർ പ്ലാൻ രൂപീകരണത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിൽ വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവരെ ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിലുടനീളം ബോധവൽക്കരണ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുകയും, നീർത്തട ഇടപെടൽ പ്രവർത്തനങ്ങൾക്ക് കാർഷിക കലണ്ടർ

രൂപീകരിയ്ക്കുകയും, നിലവിലുള്ള ലേബർ ബഡ്ജറ്റിങ്ങ് ചെറുകിട കർഷകരെ കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തുകയും ചെയ്യാൻ പഞ്ചായത്തിന് നിഷ്പ്രയാസം കഴിയും. അങ്ങിനെ അശമന്നൂർ ഗ്രാമ പഞ്ചായത്ത് എന്ന പ്രകൃതി രമണീയമായ ഈ ഭൂഭാഗം എക്കാലവും അതിന്റെ ഹരിതാഭയും, ആർദ്രതയും നിലനിർത്തട്ടെ എന്ന് ഈ അവസരത്തിൽ പ്രത്യാശിക്കുന്നു.

ഈ മാസ്ടർ പ്ലാൻ രൂപീകരണത്തിനായി പഞ്ചായത്തിലുടനീളം നടത്തിയ പഠനപര്യടനങ്ങളും, നീർത്തട സർവ്വേ അംഗങ്ങളുമായി നടത്തിയ ആശയ വിനിമയങ്ങളും, ഓരോ പ്രദേശങ്ങളിലും വിളിച്ചു കൂട്ടിയ അയൽ കൂട്ടത്തിലെ ചർച്ചകളും പ്രകൃതിയുടെ താളത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ അവസരങ്ങൾ ഉണ്ടാക്കി എന്നത് വ്യക്തിപരമായ നേട്ടമാണെന്ന് ഇവിടെ സ്മരിക്കട്ടെ.

ഈ വലിയ ഉദ്യമത്തിൽ എന്നോടൊപ്പം സഹകരിച്ച അശമന്നൂർ പഞ്ചായത്തിലെ പ്രകൃതി സ്നേഹികളായ സർവ്വേ ടീം അംഗങ്ങൾക്കും, ഔതികമായി ഇതിന പിന്തുണ നൽകി പ്രോത്സാഹിപ്പിച്ച ഗ്രാമപഞ്സചായത്ത് കമ്മിറ്റിക്കും നന്ദി പ്രകാശിപ്പിക്കുന്നു. ഒപ്പം സാങ്കേതിക സമിതി അംഗങ്ങളുടെ സേവനവും ഈ മാസ്റ്റർപ്ലാൻ യാഥാർത്ഥ്യമാക്കുവാൻ അത്യന്താപേക്ഷിതമായിരുന്നു എന്ന് നന്ദിയോടെ സ്മരിക്കുന്നു.

ഷാജി എം ജെ
അസ്സിസ്റ്റന്റ് എൻജിനീയർ
മൈനർ ഇറിഗേഷൻ, സെക്ഷൻ
മൂവാറ്റുപുഴ.

## ഗ്രാമ പഞ്ചായത്ത് തല സാങ്കേതിക സമിതി അംഗങ്ങൾ


| | | | |
|---|---|---|---|
| 1. | വൈസ് ചെയർമാൻ പ്ലാനിംഗ് കമ്മറ്റി | - | ശ്രീ. വർഗീസ് റ്റി.ഐ |
| 2. | സി. ഡി. എസ്. അദ്ധ്യക്ഷ | - | ശ്രീമതി. സരോജിനി |
| 3. | അസി. സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | - | ശ്രീ. ജോർജ്ജ് എൽ. എം |
| 4. | കൃഷി ഓഫീസർ, ഗ്രാമ പഞ്ചായത്ത് | - | ശ്രീമതി. ഗായത്രി നായർ |
| 5. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | - | ~~ശ്രീ. ഡാനിയേൽ എൻ. എ~~ Gowridas K.A |
| 6. | അസി. എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് | - | ശ്രീമതി. അമ്പിളി കെ. കെ |
| 7. | അസി. എഞ്ചിനീയർ / | - | ശ്രീമതി. ലിജി പോൾ |
| | ഓവർസിയർ തൊഴിലുറപ്പ് | - | ശ്രീ. അരുൺ കുമാരൻ എൻ. എസ് |
| 8. | നീർത്തട വികസന പരിപാടികളിൽ | - | ശ്രീ. സുബ്രമണ്യൻ |
| | പരിചയമുള്ള ഒരംഗം | - | ശ്രീ. ഗോപിനാഥൻ മാരാർ |
| 9. | ജലസംരക്ഷണമേഖലയിൽ | - | ശ്രീ. പി. എം. ബേബി |
| | വൈദഗ്ധ്യമുള്ള മൂന്ന് പ്രമുഖർ | - | ശ്രീ. ഗോപി |
| | | - | ശ്രീ. ആന്റണി |
| 10. | ജലസേചന വകുപ്പ് | - | ശ്രീ. ഷാജി (അസി. എഞ്ചിനീയർ) (കൺവീനർ) |

## ഭരണ സമിതി അംഗങ്ങൾ

| വാർഡ് നമ്പരും പേരും | പേരും മേൽവിലാസവും | വഹിക്കുന്ന സ്ഥാനം |
|---|---|---|
| I<br>ചെറുകുന്നം | സുനിൽ<br>വടക്കുന്നത്ത്, ചെറിയാൻ<br>അശമന്നൂർ പി.ഒ.<br>പിൻ-683549 | ക്ഷേമകാര്യ<br>സ്റ്റാന്റിങ് കമ്മറ്റി<br>മെമ്പർ |
| II<br>പുന്നയം | അഡ്വ. ചിത്ര ചന്ദ്രൻ<br>പോഴയ്ക്കാപ്പിള്ളി വീട്<br>അശമന്നൂർ പി.ഒ.<br>പുന്നയം- 683549 | വികസന<br>സ്റ്റാന്റിംഗ് കമ്മറ്റി<br>ചെയർമാൻ |
| III<br>അശമന്നൂർ | പി. കെ. ജെയിംസ്<br>പുല്ലൻ വീട്<br>[illegible] P.O | വികസന<br>സ്റ്റാന്റിംഗ് കമ്മറ്റി<br>മെമ്പർ |
| IV<br>പയ്യാൽ | ലളിത കുമാരി മോഹനൻ<br>വനിത സംവരണം<br>ചെറുവള്ളിപ്പടി വീട്<br>നെടുങ്ങപ്ര പി.ഒ.,പയ്യാൽ 683545 | ധനകാര്യ<br>സ്റ്റാന്റിംഗ് കമ്മറ്റി<br>മെമ്പർ |
| V<br>പനിച്ചയം | എൻ.വി.ശിവൻ<br>നടുവത്തുകുടി, പനിച്ചയം<br>നെടുങ്ങപ്ര പി.ഒ, 683545 | വികസന<br>സ്റ്റാന്റിംഗ് കമ്മറ്റി<br>മെമ്പർ |
| VI<br>നൂലേലി വടക്ക് | എൻ.എം.സലീം<br>നമീയ്ക്കലം<br>അശമന്നൂർ പി.ഒ.<br>683545 | പ്രസിഡന്റ് |
| VII<br>നൂലേലി തെക്ക് | സജീഷ് ഇ.എൻ.<br>എടയ്ക്കാക്കുടി വീട്<br>അശമന്നൂർ പി.ഒ<br>683549 | ക്ഷേമകാര്യ<br>സ്റ്റാന്റിംഗ് കമ്മറ്റി<br>മെമ്പർ |
| VIII<br>ഏക്കുന്നം | ഷൈല അബ്ദുസലാം<br>ഇഞ്ചിക്കുടി വീട്<br>അശമന്നൂർ പി.ഒ.<br>ഏക്കുന്നം - 683549 | ആരോഗ്യ വിദ്യ<br>സ്റ്റാന്റിംഗ് കമ്മറ്റി<br>മെമ്പർ |
| IX<br>മേതല വടക്ക് | ബിന്ദു ബെന്നി<br>വനിത സംവരണം<br>കുന്നത്താൻ വീട്<br>683545 | ക്ഷേമകാര്യ<br>സ്റ്റാന്റിംഗ് കമ്മറ്റി<br>ചെയർമാൻ |

| | | |
|---|---|---|
| X<br>മേതല തെക്ക് | അനിത ജയൻ<br>പടിഞ്ഞാശ്ശേരി വീട്<br>മേതല പി.ഒ., വണ്ടമറ്റം<br>683545 | ധനകാര്യ<br>സ്റ്റാന്റിംഗ് കമ്മറ്റി<br>മെമ്പർ |
| XI<br>കല്ലിൽ | ബിന്ദു പ്രസന്നൻ<br>ചാത്തനാട് വീട്<br>മേതല പി.ഒ.<br>683545 | ധനകാര്യ<br>സ്റ്റാന്റിംഗ് കമ്മറ്റി<br>മെമ്പർ |
| XII<br>തലപ്പുഞ്ച | അമ്പിളി രാജൻ<br>രാജൻ ചിറങ്ങര<br>മേതല പി.ഒ.<br>കുറിപ്പംപടി - 683545 | ആരോഗ്യവും, വിദ്യ<br>സ്റ്റാന്റിംഗ് കമ്മറ്റി<br>മെമ്പർ |
| XIII<br>പൂമല | ബിന്ദു നാരായണൻ<br>പള്ളിപ്പുറം വീട്<br>നെടുങ്ങപ്ര പി.ഒ<br>പനിച്ചയം - 683545 | വൈസ്പ്രസിഡന്റ്<br>ധനകാര്യ സ്റ്റാന്റിംഗ്<br>കമ്മറ്റി ചെയർമാൻ |
| XIV<br>ഓടക്കാലി | ഹണീഞ്ഞ് (ഹണി)<br>പ്ലാമൂട്ടിൽ വീട്<br>അശമന്നൂർ പി.ഒ.<br>പുന്നയം - 683549 | ആരോഗ്യം, വിദ്യാഭ്യാസ<br>സ്റ്റാന്റിംഗ് കമ്മറ്റി<br>മെമ്പർ |

# PANCHAYATH RESOURCE MAPPING ATLAS





SCALE= 1:35,000

ASAMANNUR PANCHAYATH

KOOVAPPADY BLOCK


ERANAKULAM DISTRICT


CADASTRAL MAP




Surveyed in 2003
Prepared By
Kerala State Land Use Board, Thiruvananthapuram
2007


# PANCHAYATH RESOURCE MAPPING ATLAS






PANCHAYATH RESOURCE MAPPING ATLAS
SCALE=1:35,000
ASAMANNUR PANCHAYATH
KOOVAPPADY BLOCK
ERANAKULAM DISTRICT
WELL MAP
PLACE NAMES
WELL
PERENNIAL LINED
PERENNIAL UNLINED
SEASONAL LINED
SEASONAL UNLINED
TUBE WELL
ROADS
Surveyed in 2003
Prepared By
2007


PANCHAYATH RESOURCE MAPPING ATLAS
MUDAKKUZHA PANCHAYATH
VENGOOR PANCHAYATH
KOTTAPPADI PANCHAYATH
RAYAMANGALAM PANCHAYATH
NELLIKKUZHI PANCHAYATH
PAIPRA PANCHAYATH
PLACE NAMES
ROADS
SCALE= 1:35,000
ASAMANNUR PANCHAYATH
KOOVAPPADY BLOCK
ERANAKULAM DISTRICT
ADMINISTRATIVE MAP

# PANCHAYATH RESOURCE MAPPING ATLAS




PANCHAYATH RESOURCE MAPPING ATLAS
VENGOOR PANCHAYATH
MUDAKKUZHA PANCHAYATH
KOTTAPPADY PANCHAYATH
RAYAMANGALAM PANCHAYATH
NELLIKKUZHI PANCHAYATH
PAYIPRA PANCHAYATH
PLACE NAMES
ROADS
LANDUSE
SCALE= 1:35,000
ASAMANNUR PANCHAYATH
KOOVAPPADY BLOCK
ERANAKULAM DISTRICT
LANDUSE MAP
Surveyed in 2003
Prepared By
Kerala State Land Use Board,Thiruvananthapuram
2007


PANCHAYATH RESOURCE MAPPING ATLAS
SCALE= 1:35,000
ASAMANNUR PANCHAYATH
KOOVAPPADY BLOCK
ERANAKULAM DISTRICT
DRAINAGE NETWORK

## ഭൂ പ്രകൃതിയും കാലാവസ്ഥയും

പെരിയാറിനും മൂവാറ്റുപുഴയാറനുമിടയിൽ ഏറ്റവും ഉയരം കൂടിയ കൊടുകുത്തിയാനിമല മുതൽ (145 മീ) വടക്ക് കിഴക്കായി 15 ൽ പരം ചെറുതും വലുതുമായ കുന്നുകളും അവയുടെ ചെറു താഴ്വരകളും കുന്നിൻ മുളകിലെ നിരന്ന പ്രദേശകളും നെൽ പാടങ്ങളും ഏറ്റവും താഴെ പുന്നയം പാടം (20 മീ. സമുദ്ര നിരപ്പിന് മുകളിൽ ) ഉൾപ്പെട്ട ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2127 ഹെ. ആണ്.

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ അശമന്നൂർ വില്ലേജ് മുഴുവനും ഉൾപ്പെടുന്ന ഈ പഞ്ചായത്ത് ഉത്തര അക്ഷാംശം 10° 3'5"നും 10° 7'17"നും ഇടയിലും സ്ഥിതി ചെയ്യുന്നു.

മൊത്തം ഭൂമിയുടെ 5% കുന്നുകളും 20% താഴ്വരകളും 20% ഉയർന്ന സമതലവും 35% ചെരിഞ്ഞ പ്രദേശങ്ങളും 20% കൃഷി ഭൂമിയുമാണ്. ആലുവ – മൂന്നാർ റോഡ് ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കൂടി കടന്നുപോകുന്നു. പഞ്ചായത്തിന്റെ വടക്കെ അർദ്ധഭാഗത്തുകൂടി പെരിയാർ വാലി ലോവർ കനാൽ കടന്നു പോകുന്നു. തൻമൂലം 12,3,4 വാർഡുകളിൽ ജലം സുലഭമായി ലഭിക്കുന്നു. തെക്കെ അർദ്ധഭാഗത്തിന്റെ പെരിയാർ ഹൈലെവൽ കനാൽ ഒഴുകുന്നു. ഈ കനാൽ നിലനിരപ്പിൽ നിന്നും വളരെ താഴ്ന്ന് പോകുന്നതിനാൽ സ്വാഭാവിക ജല സ്രോതസ്സുകളിൽ നിന്ന് ജലം കനാലിലേക്ക് ചോർന്ന് പോകുന്നതുമൂലം ആ സ്ഥലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. ഈ കനാലിന്റെ മുളവൂർ ഡിസ്ട്രിബ്യൂട്ടറി മൂലം 10-ാം വാരഡിന്റെ കുറച്ച് ഭാഗത്ത് ജലം ലഭിക്കുന്നു. ഇങ്ങനെ നോക്കുനേപ്ാാൾ പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലവും വരൾച്ച നേരിടുന്നു സ്ഥലങ്ങൾആണ്.

## ഭൂ പ്രകൃതി

ചരൽ കലർന്ന ചെമ്മണ്ണ്, ചെങ്കല്ല്, കുളപ്പാറ, ഒറ്റപ്പെട്ട പാറ പശിമരാസി മണ്ണ് എന്നിവയാണ് ഈ പഞ്ചായത്തിലെ മണൽ തരങ്ങൾ. ശാസ്ത്രീയമായി ഈ പഞ്ചായത്തിലെ മണ്ണിനെ താഴെ പറയും പ്രകാരം തരം തിരിച്ചിട്ടുണ്ട്.

മണൽ തരം

| | | |
|---|---|---|
| II w | - | 485.25 |
| II e | - | 5.00 |
| III w | - | 204.75 |
| III e | - | 260.25 |
| IV es | - | 518.75 |
| IV e | - | 23.75 |
| VI e | - | 584.50 |
| Vies | - | 44.75 |
| | Total | 2127.00 |

ഭൂ വിസ്തൃതിയിൽ ഏറിയ ഭാഗവും ചെരിഞ്ഞ പ്രദേശങ്ങളും ശരാശരി നിരന്ന പാറയും ആയതിനാൽ മഴ മൂലം ലഭിക്കുന്ന വെള്ളം ഭൂമിയിലേക്ക് കിനിഞ്ഞ് ഇറങ്ങാതെ കുത്തി ഒഴുകി പോകുന്നു.

ഭൂമിയിലെ ചെരിവ്

5% മുതൽ വരെ ചെരിവ് ഉള്ള സ്ഥലങ്ങൾ ആണ് ഈ പഞ്ചായത്തിൽ ഉള്ളത്. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും വടക്ക് പടിഞ്ഞാറോട്ട് ആണ് ചെരിഞ്ഞു കിടക്കുന്നത്. എന്നാൽ ഏക്കുന്നം ഭാഗം കിഴക്ക് ദിശയിലേക്കും മേതല ഭാഗം വടക്ക് ദിശയിലേക്കും ചെരിഞ്ഞ് കിടക്കുന്നു. ഇതു മൂലം മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ മണ്ണൊലിപ്പ് മൂലം മണ്ണിന്റെ ഫലഭൂയിഷ്ഠത കുറുഞ്ഞു വരുന്നുണ്ട്.

## ഭൂവിനിയോഗം

ഏകദേശം 20.25 വർഷം മുമ്പ് പഞ്ചായത്തിന്റെ 25% പ്രദേശം നെൽകൃഷി ചെയ്തു വന്നിരുന്നു. എന്നാൽ അത് ഇപ്പോൾ 15% ആയി കുറഞ്ഞിരിക്കുന്നു. 2005 ലെ സോയിൽ സർവ്വേ ഓർഗനൈസേഷന്റെ കണക്ക് അനുസരിച്ച ജല സേചന സൗകര്യം ഉള്ള ഭൂമി 690 ഹെക്ടറും ജലസേചന സൗകര്യം ഉള്ള ഭൂമി 143 ഹെ ആയിരുന്നു. നെല്ല് 15% റബ്ബർ 45% തെങ്ങ് 10% സമഗ്ര വിളകൾ (ജാതി, കൊക്കോ,

കരുണ്ട്, കുരുമുളക്) 20% മറ്റ് വിളകൾ (കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറികൾ, പൈനാപ്പിൾ, വാഴ) 10% ഇങ്ങനെയാണ് ഇപ്പോയത്തെ ഭൂവിനിയോഗം എന്നാൽ ദിനംപ്രതി കൂടുതൽ സ്ഥലത്തേക്ക് റബ്ബർ കൃഷി വ്യാപിക്കുകയും, നെൽകൃഷി ഉപയോഗിച്ച് ആ  സ്ഥലങ്ങൾ, പൈനാപ്പിൾ, വാഴ മരച്ചീനി എന്നിവയുടെ കൃഷിക്കായി മാറ്റിക്കൊണ്ടിരിക്കുകയാണ്.

നെൽകൃഷി പ്പാടങ്ങൾ നികത്താൻ വ്യാപകമായി കണ്ടു വരുന്നു.

കാലാവസ്ഥ

ശരാശരി 3146.33mm മഴ ലഭിക്കുന്ന പ്രദേശം ആണ് ഈ പഞ്ചായത്ത്. ലഭിക്കുന്ന മഴയുടെ 75% കാലവർഷമായും 18-20% തുലാവർഷമായും 5-7% വേനൽമഴയായും ലഭിക്കുന്നു. മുൻകാലങ്ങളിലെ കണക്ക് പരിശോധിക്കുമ്പോൾ 1994-ൽ ഇവിടെ 3772.8 mm മഴ ലഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ വരൾച്ചാകാലം ഫെബ്രുവരി  മുതൽ മെയ് വരെയാണ്.

താപനില

പഞ്ചായത്തിലെ ശരാശരി 26.38° ആണ്. ശരാശരി കൂടിയ താപനില 34.26° ഉം കുറഞ്ഞ താപനില 18.50° ഉം ആണ്. എന്നാൽ 2002 മാർച്ചിൽ ഇവിടെ 40% ചൂട് രേഖപ്പെടുത്തിയിട്ടുണ്ട്. 2002 ഡിസംബറിൽ കുറഞ്ഞ താപം 8.5° ഉം രേഖപ്പെടുത്തിയിട്ടുണ്ട്. ശരാശരി ആപേക്ഷിക ആദ്രത 85.15% ആണ്.

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | അശമന്നൂർ ഗ്രാമപഞ്ചായത്ത് |
| ആസ്ഥാനം | : | ഓടക്കാലി |
| മേൽവിലാസം | : | അശമന്നൂർ പി.ഒ. |
| | | പിൻ- 683549 |
| | | 0484 -2658245, 2659745 |
| ഈമെയിൽ | : | asamannoor@gmail.com |
| വില്ലേജ് | : | അശമന്നൂർ |
| വിസ്തീർണ്ണം | : | 21.27 ച.കി.മി. |
| ബ്ലോക്ക് | : | കൂവപ്പടി |
| താലൂക്ക് | : | കുന്നത്തുനാട് |
| ജില്ല | : | എറണാകുളം |
| ലോകസഭാ മണ്ഡലം | : | ചാലക്കുടി |
| അസംബ്ലി മണ്ഡലം | : | പെരുമ്പാവൂർ |
| ജനന സംഖ്യ | : | 19311 |
| പുരുഷന്മാർ | : | 9574 |
| സ്ത്രീകൾ | : | 9737 |
| സാക്ഷരത | : | 98% |
| ലോകസഭ പ്രതിനിധി | : | ശ്രീ. ഇന്നസെന്റ് |
| നിയമസഭ പ്രതിനിധി | : | ശ്രീ. എൽദോസ് കുന്നപ്പിള്ളി |

# പഞ്ചായത്ത് റോഡുകൾ

| | | |
|---|---|---|
| ടാർ | : | 58.85 km |
| മെറ്റൽ | : | 21.33 km |
| മൺവഴികൾ | : | 66.05 km |
| കോൺക്രീറ്റ് | : | 5.33 km |
| ചിറകൾ | : | 27 |
| പൊതുകിണറുകൾ | : | 37 |
| ചെക്ക് ഡാമുകൾ | : | 8 |
| ചീർപ്പുകൾ | : | 5 |
| പട്ടികജാതി ജനസംഖ്യ | : | 1810 |
| പുരുഷന്മാർ | : | 898 |
| സ്ത്രീകൾ | : | 912 |
| പട്ടിക വർഗ്ഗ ജനസംഖ്യ | : | 4 |
| പുരുഷന്മാർ | : | 3 |
| സ്ത്രീകൾ | : | 1 |
| സാക്ഷരത | : | 82.12% |
| ആകെ വിസ്തീർണ്ണം | : | 21.27 ച.കി.മീ. (2127 ഹെക്ടർ) |
| വാർഡുകൾ | : | 14 |
| പഞ്ചായത്തിന്റെ സ്ഥാനം | : | ഉത്തര അക്ഷാംശം 10° 3'5" - 10° 7'17" |
| | | രേഖാംശം 76° 32'22" - 76° 34'5" |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | മുടക്കുഴ, വേങ്ങൂർ പഞ്ചായത്തുകൾ |
| തെക്ക് | : | പായിപ്ര പഞ്ചായത്ത് |
| കിഴക്ക് | : | കോട്ടപ്പടി, നെല്ലിക്കുഴി പഞ്ചായത്ത് |
| പടിഞ്ഞാറ് | : | രായമംഗലം, മുടക്കുഴ പഞ്ചായത്തുകൾ |

**കർമ്മപരിപാടി പൊതുഭൂമിയിൽ**

നീർത്തടത്തിലെ പൊതുഭൂമിയായ തോട്, ചിറ, കുളം, തരിശ്, പുറമ്പോക്ക്, റോഡുകൾ, കനാലുകൾ എന്നിവയുടെ സംരക്ഷണത്തിന് ആവശ്യമായ ഇടപെടലുകൾ താഴെ ചേർക്കുന്നു.

**സംയോജന സാദ്ധ്യതകൾ**

നീർത്തട വികസനം ഒരു സമഗ്ര വികസന പരിപാടി ആയതിനാൽ വിവിധ വകുപ്പുകൾ വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ സംയോജിപ്പിച്ച് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സാധിക്കും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

രാഷ്ട്രീയ കൃഷി വികാസ് യോജന

ദേശീയ വാട്ടർ ഷെഡ്ഡ് വികസന ഫണ്ട്

നബാർഡ് ഫണ്ട് തുടങ്ങിയ ഏജൻസികൾ

കൃഷി വകുപ്പ്

വൻകിട - ചെറുകിട, ജലസേചന വകുപ്പ്

സാമൂഹ്യ ക്ഷേമ വകുപ്പ്

പ്രാദേശീക സർക്കാരുകൾ തുടങ്ങിയ വകുപ്പ്

എം.എൽ.എ., എം.പി. തുടങ്ങിയവരുടെ പ്രാദേശീക വികസന ഫണ്ടുകൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ തുടങ്ങിയവ കൂടി ചേർന്ന് നീർത്തട വികസന പദ്ധതി വികസിപ്പിക്കുവാൻ സാധിക്കും.

**സ്വകാര്യ ഭൂമിയിലെ ഇടപെടൽ**

നീർത്തടത്തിലെ കുടുംബങ്ങളിൽ 5 ഏക്കർ വരെ കൈ വശമുള്ളവരുടെ ഭൂമിയിൽ മണ്ണ്, ജല, ജൈവ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഒരു പ്രാവശ്യം ഇടപെടാൻ ഈ നീർത്തടവികസന പദ്ധതികൊണ്ട് സാധിക്കും.


| ക്രമ നമ്പർ | ബ്ലോക് | ഗ്രാമപഞ്ചായത്ത് & വാർഡ് | | കുളത്തിന്റെ പേര് (നീളം & വീതി) | |
|---|---|---|---|---|---|
| 1 | കൊടകര | അളഗപ്പനഗർ | I | വട്ടക്കാട്ടുകുളം | 15 x 10 |
| 2 | | | | കുറ്റിക്കാട്ടു ചിറ | 29 x 25 |
| 3 | | | II | കുരിച്ചിറ | 81 x 20 |
| 4 | | | | കടാശ്ശേരികുളം | 22 x 13 |
| 5 | | | III | വടചിറ | 30 x 16 |
| 6 | | | | മഠത്തിൽ പടിഞ്ഞാറേ കുളം | 15 x 15 |
| 7 | | | VI | കുരഞ്ഞാട്ടുചിറ | 70 x 35 |
| 8 | | | VII | പുറ്റിങ്ങൽ കുളം | 5 x 4 |
| 9 | | | | നമ്പ്യാർചിറങ്ങരകുളം | 80 x 74 |
| 10 | | | VIII | പുറംചിറ പൊതുകുളം | 12 x 9 |
| 11 | | | IX | തൃക്ക കുളം | 20 x 18 12 |
| | | | | മണിക്കുന്നമോളം കുളം | |
| 13 | | | | കോട്ടച്ചിറ | 26 x 29 |
| 14 | | | | ചക്കൻചിറ | 63 x 37 |
| 15 | | | X | പാറത്തട്ടായിൽ കുളം | 16 x 12 |
| 16 | | | X | കാനാകുളം | 27 x 17 |
| 17 | | | | നാക്കുഴികാട്ടുകുളംപാലക്കുഴിചിറ | 3 x 2; 4 x 3 |
| 18 | | | | പച്ചിമറ്റെട്ട കുളം | 10 x 9 |
| 19 | | | XI | കദളിക്കുളം | 17 x 11 |
| 20 | | | XI | പുത്തൻ കുളം | 28 x 18 |
| 21 | | | XI | കാനാചിറ | 17 x 11 |
| 22 | | | XI | കാളിയാറ കുളം | 18 x 11 |

| | | | |
|---|---|---|---|
| 23 | | XII | അറാക്കനാട്ടുപൊട്ടക്കുളം 17 x 8 |
| 24 | | XII | അറാക്കപൊട്ടക്കുളം 11 x 10 |
| 25 | | XII | പാനിയേലി ചിറ 22 x14 |
| 26 | | XII | മേയ്ക്കമാലി ചിറ 23 x 21 |
| 27 | | XII | കൂനം ചിറ 20 x 17 |
| 28 | | XII | അമ്മ ചിറ 15 x 9 |
| 29 | | XII | ഓലി ചിറ (വായ്ക്കര) 25 x 16 |
| 30 | | XII | ഓലി ചിറ 11 x 9 |
| 31 | | XII | മൂതിയാട്ടു ചിറ 20x 17 |
| 32 | | XII | നമ്പേലി ചിറ 63 x 15 |
| 33 | | XII | പാത്തൻകോട് പൊട്ടക്കുളം 21 x 20 |
| 34 | | XII | അരീയ്ക്ക ചിറ 20 x 18 |
| 35 | | XIV | പാത്തൻ ചിറ 24 x 19 |
| 36 | | XIV | തച്ചിയം പടിയിലുള്ള കുളം 21 x 9 |
| 37 | | XIV | കൊതച്ചിറ 85 x 20 |
| 38 | | XIV | ഓണമ്പിള്ളി കുളം 24 x 19 |
| 39 | | XIV | മൂപ്പക്കാട്ടു ചിറ 45 x 35 |


| ക്രമ നമ്പർ | വാർഡ് നമ്പർ | രേഖാംശം | അക്ഷാംശം | പേര് |
|---|---|---|---|---|
| 1 | 1 | 10-06.454 | 076-32.475 | കുട്ടിച്ചിറ |
| 2 | 1 | 10-06.215 | 076-32.602 | വട്ടക്കാട്ടുകുളം |
| 3 | 2 | 10-06.308 | 076-32.818 | കുരീച്ചിറ |
| 4 | 2 | 10-06.825 | 076-32.439 | കടപ്ലേരി കുളം |
| 5 | 3 | 10-06.652 | 076-33.052 | മടത്തിൽ പടിഞ്ഞാറെകുളം |
| 6 | 3 | 10-06.340 | 076-33.096 | വടാച്ചിറ |
| 7 | 5 | 10-06.552 | 076-33.842 | പണിച്ചേരി ചിറ |
| 8 | 6 | 10-05.857 | 076-33.797 | കുറുങ്ങാട്ടുചിറ |
| 9 | 7 | 10-05.456 | 076-34.234 | നമ്പ്യാർചിറങ്ങര ചിറ |
| 10 | 7 | 10-05.354 | 076-34.053 | പുത്തുങ്ങാകുളം |
| 11 | 9 | 10-04.620 | 076-33.414 | കൊട്ടച്ചിറ |


| | | | | |
|---|---|---|---|---|
| 12 | 10 | 10-03.839 | 076-33.345 | കണകുളം |
| 13 | 10 | 10-03.314 | 076-33.101 | കരമ്പനാക്കുടി ചെക്ക് ഡാം |
| 14 | 10 | 10-03.495 | 076-33.186 | നക്കുഴി കുളം |
| 15 | 11 | 10-04..231 | 076-32.640 | കനച്ചിറ |
| 16 | 11 | 10-04.154 | 076-32.851 | പുത്തൻകുളം |
| 17 | 11 | 10-03.729 | 076-32.718 | കളിയാരകുളം |
| 18 | 12 | 10-05.148 | 076-32.457 | ഒലിച്ചിറ |
| 19 | 12 | 10-04.968 | 076-32.519 | ചാത്തംകോട്ട് പൊട്ടകുളം |
| 20 | 12 | 10-04.867 | 076-29.535 | ഒലിച്ചിറ |
| 21 | 12 | 10-04.713 | 076-32.757 | അറയ്ക്കനാട്ടുപൊട്ട |
| 22 | 12 | 10-04.802 | 076-33.203 | പുതക്കുഴി ചിറ |
| 23 | 12 | 10-05.052 | 076-33.195 | ഉദയകവലച്ചിറ |

| | | | | |
|---|---|---|---|---|
| 24 | 12 | 10-05.050 | 076-33.204 | കുനൻചിറ |
| 25 | 12 | 10-05.025 | 076-33.225 | മെക്കമാലി ചിറ |
| 26 | 12 | 10-05.171 | 076-33.145 | നമ്പേലിച്ചിറ |
| 27 | 12 | 10-05.316 | 076-32.922 | ചാത്തൻകോട് വട്ടച്ചിറ |
| 28 | 12 | 10-04.428 | 076-32.592 | മേതല -കല്ലിൽ |
| 29 | 12 | 10-04.432 | 076-32.741 | കുരാലിക്കുളം |
| 30 | 13 | 10-05.728 | 076-32.741 | അരീക്കപ്പാറച്ചിറ |
| 31 | 14 | 10-05.780 | 076-33.241 | കോതച്ചിറ |
| 32 | 14 | 10-06.254 | 076-33.212 | ചാത്തംചിറ |
| 33 | 14 | 10-05.964 | 076-33.209 | പറമ്പിൽകുളം |
| 34 | 14 | 10-06.127 | 076-32.550 | മുപ്പക്കാട്ടുചിറ |
| 35 | 14 | 10-05.957 | 076-32.920 | ഒല്ലംപിള്ളിചിറ |



ASAMANNUR GRAMA PANCHAYATH
KOOVAPPADY BLOCK PANCHAYATH
ERNAKULAM DISTRICT
Legend


KOOVAPPADY BLOCK PANCHAYATH
ERNAKULAM DISTRICT


RIVER BASINS/MAJOR WATERSHEDS
ERNAKULAM DISTRICT
KOOVAPPADY BLOCK PANCHAYATH
Block Boundary
Watersheds
CHALAKUDI
MUVATTUPUZHA
PERIYAR
WATERBODY

## പുത്തൻകുളം



## കാനാചിറ



## ചക്കൻചിറ



## കോട്ടച്ചിറ



## കൂനൻചിറ



## ഒലിചിറ



## അമേലിചിറ



## നമ്പേലിചിറ



## കുറ്റിക്കുഴി തോട്ടിൽ കയർ ഭൂവസ്ത്ര നിർമ്മാണങ്ങൾ നടക്കുന്നു.



# ആസ്തി വിവരങ്ങൾ

## നിലവിലുള്ള ആസ്തികൾ

| | ഓഫീസ് / സ്ഥാപനം | വിസ്തീർണ്ണം | കെട്ടിടം/എണ്ണം/വിസ്തീർണ്ണം/നീളം |
|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് | 1 | |
| 2 | കൃഷിഭവൻ | 1 | |
| 3 | പി.എച്ച്.സി.ആശുപത്രി | 1 | |
| 4 | ആയുർവേദ ആശുപത്രി | 1 | |
| 5 | മൃഗാശുപത്രി | 1 | |
| 6 | ജി.യു.പി.എസ് അശമന്നൂർ | 4 | |
| 7 | പഞ്ചായത്ത് ലൈബ്രറി | 1 | |
| 8 | റൂറൽ മാർക്കറ്റ് | 2 | |
| 9 | അങ്കണവാടികൾ | 19 | |
| 10 | പഞ്ചായത്ത് റോഡുകൾ | | |
| | ടാർ | | 48.85 കി.മീ. |
| | മെറ്റൽ | | 21.33 കി.മീ |
| | മൺവഴികൾ | | 41.05കി.മീ. |
| | കോൺക്രീറ്റ് | | 5.31കി.മീ |
| 11 | ചിറകൾ | 27 | |
| 12 | പൊതുകിണറുകൾ | 37 | |
| 13 | മൽസ്യ കർഷക ക്ലബ്ബ് | 1 | |
| 14 | മറ്റുകെട്ടിടങ്ങൾ | 2 | |

## പരിസ്ഥിതിക അവലോകനം

പൊതുവെ മുൻ കാലങ്ങളിൽ നെൽകൃഷി ചെയ്തിരുന്ന പാടശേഖരങ്ങൾ പലതും തരിശ് ഇടുന്ന ഒരു സ്ഥിതി നിലവിൽ ഉണ്ട്. വാർഡ് 1,2,3,4 ഇതിന ഉദാഹരണം. നെൽ വയലുകൾക്ക് വേണ്ടി മാറ്റി മറിക്കുന്ന ഒരു സ്ഥിതി വാർഡ് 9,10,11,12 വാർഡുകളിൽ കാണാം. നെൽവയൽ, വാഴ, മരച്ചീനി പൈനാപ്പിൾ തുടങ്ങിയ കൃഷിക്ക് വേണ്ടി ഉപയോഗിക്കുന്നു.

പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായി വയൽ നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സർവ്വസാധാരണമാണ്. ഇതിനു വേണ്ടി പല കുന്നുകളും ഇടിച്ചുനിരപ്പാക്കി ഈ പ്രതലം നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിന്റെ ജല സ്രോതസ്സായ തണ്ണീർതടങ്ങൾ (നെൽ വയലുകൾ) കൈയ്യേറി നശിപ്പിക്കുന്നതിനാൽ കുടിവെള്ള ക്ഷാമം ഉണ്ടാക്കികൊണ്ടിരിക്കുകയാണ്.

മറ്റൊരു പ്രധാന പ്രശ്നം കുന്നിൻ മുകളിൽ റബ്ബർമര അതിഷ്ഠിത വ്യവസായങ്ങളുടെ കടക്ക് കയറ്റം ആണ്. ഇതു മൂലം കുന്നിൻ പുറങ്ങൾ കയ്യേറിപ്പെടുകയും പരിസ്ഥിതി പ്രശ്നങ്ങൾക്ക കാരണമാകുകയും ചെയ്യുന്നു. ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് ഉണ്ടാകുന്ന മലിനീകരണം താഴ്വാരങ്ങളിലെ ജന ജിവിതം കൂടുതൽ കഷ്ടകരമാക്കുന്നു. ഒപ്പം ജല മിനീകരണവും ഉണ്ടാക്കുന്നു.

**ഇടപെടേണ്ട മേഖലകൾ**

നെൽവയൽ നികത്തുന്നതും, തരിശ് ഇടുന്നതും നിരോധിക്കണം. ഒപ്പം നെൽവയൽ മറ്റ് കൃഷികൾക്ക് ഉപയോഗിക്കുന്ന അവസ്ഥ ഇല്ലാതാവണം.

വ്യവസായ മേഖലക്ക് വേണ്ടി പഞ്ചായത്ത് പ്രത്യേക സ്ഥലം വേർതിരിക്കുന്നത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരമാകും. ജലമലിനീകരണം തടയുവാനും സാധിക്കും.


# നീർത്തടങ്ങൾ (പൊതുവിവരങ്ങൾ)

| | | | |
|---|---|---|---|
| 1 | പയ്യാൽ, നമ്പ്യാർ ചിറങ്ങര നീർത്തടം | (14P 140c ) | 550 ഹെ |
| 2 | പൂമല, പുന്നയം നീർത്തടം | 14P 143b | 677 ഹെ |
| 3 | ചെറുവട്ടൂർ തോട്, മേതല, ഇരവല്ലൂർ തോട് നീർത്തടം | (13M 38b) | 650 ഹെ |
| 4 | | 13 M 35 c) | 22 ഹെ |

# No. 1

# പയ്യാൽ നമ്പ്യാർ ചിറങ്ങര നീർത്തടം

# (14P 140c )


14 P 140 c
375 ha
VAZHIPUZHA Jn.
CANAL KAVALA
14 P140c1
225 ha

## പയ്യാൽ നമ്പ്യാർ ചിറങ്ങര നീർത്തടം (14P I 40c)

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ കൂവപ്പടി ബ്ലോക്കിൽ അശമന്നൂർ ഗ്രാമപഞ്ചായത്തിൽ പെരിയാർ നദീതടത്തിലെ ഒരു ചെറു നീർത്തടമാണ് ഇത്. 3,4,5,6,7 വാർഡുകളാണ് ഈ നീർത്തടത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

നീർത്തടത്തിന്റെ വിസ്തീർണ്ണം - 550 ഹെ

| | | |
|---|---|---|
| വടക്ക് | - | വേങ്ങൂർ ഗ്രാപഞ്ചായത്ത് |
| തെക്ക് | - | മേതല ഇരമല്ലൂർ തോട് |
| കിഴക്ക് | - | കോട്ടപ്പടി |
| പടിഞ്ഞാറ് | - | പുന്നയം, പൂമല നീർത്തടം |

കാലാവസ്ഥ :- ശരാശരി 3146 മി.മീ. മഴ ലഭിക്കുന്നു. 75% കാല വർഷമായും 18.2 തുലാവർഷമായും 5.7 വേനൽ മഴയായും ലഭിക്കുന്നു. ഈ നീർത്തടത്തിലെ വരൾച്ചാക്കാലം ഫെബ്രുവരി മുതൽ മെയ് വരെയാണ്.

ജലവിഭവസ്ഥിതി : -

നീർച്ചാലുകൾ

1 കടുങ്ങണ, കുറ്റിക്കുഴി പാടത്തിന്റെ തോടുകൾ

2 വഴിപ്പുഴപ്പാടത്തിന്റെ തോടുകൾ

3 പാട്ടാം കണ്ടം പാടത്തിന്റെ തോടുകൾ

4 കനാൽ കാട തോടുകൾ

5 ചങ്ങം തോട്

6 നൂലേലി ചാലുകണ്ടം തോട്

7 കുരങ്ങാട്ടുചിറ തോട്

8 നൂലേി തോട്

9 പുറ്റിങ്ങൾ തോട്

## പ്രധാന കുളം

1 പറയൻ കുളം :- പയ്യാൽ വാർഡിൽ തോനാൽ മാത്യു മത്തായിയുടെ പുരയിടത്തിനടുത്തായി സ്ഥിതി ചെയ്യുന്നു. കൈയ്യേറ്റം നടത്തിയിട്ടുണ്ട്. ഭാഗികമായി മൂടിയ നിലയിലാണ്.

2 അശമന്നൂർ അമ്പലചിറ : - വളരെകാലമായി കാട് പിടിച്ച് കിടക്കുകയായിരുന്നു. (അശമന്നൂർ അമ്പലം വക)

3 പനിച്ചയം ദേവീ ക്ഷേത്രകുളം (പനിച്ചയം ക്ഷേത്രം വക) സ്വകാര്യ ഭൂമിയിൽ വളരെ അധികം കുളങ്ങൾ നിലവിൽ ജലസേചനത്തിനായി ഉപയോഗിക്കുന്നു. നീർത്തടത്തിൽ ജലസേചന പദ്ധതികളുടെ ഗുണം ലഭിക്കുന്നില്ല. സ്വകാര്യ ഭൂമിയിൽ ഉള്ള നിർത്തിയ കുഴികൾ കുടിവെള്ളത്തിനും ഉലക്കാനും കുളിക്കാനും ഉപയോഗിക്കുന്നു.

4 പനിച്ചേത്രികുളം

5 കുരങ്ങാട്ടുചിറ

6 നമ്പ്യാർ ചിറങ്ങര ചിറ

7 പുറ്റിങ്ങൾ കുളം

8 കോളശ്ശേരി പടികുളം

## നീർത്തടത്തിലെ പ്രശ്നങ്ങൾ

1. കാർഷീക മേഖലയിൽ തൊഴിലാളികളെ ലഭിക്കുന്നില്ല.
2. നീർത്തടത്തിലെ വ്യാപകമായ മണ്ണൊലിപ്പ് ഉണ്ട്.
3. ജലം വളരെപ്പെട്ടെന്ന് ഒഴുകി പോവുകയാണ്.

4. നെൽകൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ മറ്റ് കൃഷികൾക്കായി ഉപയോഗിക്കുന്നു.

5. കുറച്ച് വയലുകൾ തരിശ് ആയി കിടക്കുന്നു.

6. ബഹു വിളകളിൽ നിന്ന് ഏക വിളയിലേക്ക് തിരിയുന്നു.

7. ജലക്ഷാമം അനുഭവപ്പെടുന്നു.

8. തണ്ണീർത്തടങ്ങൾ നികത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

9. കുടിവെള്ള ക്ഷാമം ഉണ്ടാക്കുന്നു. (കാപ്രിമോളം, തൊപ്പിപാറ, കുറ്റികുഴി, വട്ടപ്പാറച്ചാൽ, പാട്ടാങ്കണ്ടം കോളനി, വഴിപ്പുഴ)

10. കാലി വളർത്തൽ കുറഞ്ഞു വരുന്നു.

11. വരുമാനദായകമായ തൊഴിലുകൾ ഇല്ല.

12. തൊഴിൽ പരിശീലന കേന്ദ്രം ഇല്ല.

13. പൊള കളിസ്ഥലം ഇല്ല.

## ഇടപെടൽ പ്രവർത്തനങ്ങൾ

ഇപ്പോഴുള്ള അവസ്ഥ പരിഹരിക്കാൻ താഴെപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

## പൊളഭൂമി

പൊളഭൂമിയിൽ മണ്ണ് സംരക്ഷണത്തിന് വേണ്ടി തട്ട് തിരിക്കൽ ജല സംരക്ഷണത്തിന് പൊതുകുളങ്ങൾ പുനർന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക. കയ്യേറുകയോ നിന്നു പോവുകയോ ചെയ്തവ പുന: സ്ഥാപിക്കുക. നീർചാലിൽ ചീർപ്പ് പുനരുദ്ധാരണം, തോട്ടിൽ ചെളിനീക്കി സൈഡ് ഭിത്തി കൂട്ടി പാർശ്വഭിത്തി കെട്ടി സംരക്ഷണം എന്നിവ നടത്താം. പയ്യാലിൽ കടുങ്ങണ എന്ന് അറിയപ്പെടുന്ന തടയണ പൊട്ടിപൊളിഞ്ഞ് കിടക്കുകയാണ്. അത് എത്രയും പെട്ടെന്ന് മെയിന്റനൻസ് നടത്തി അണയിൽ നിന്നും വെള്ളം കൊണ്ടു പോകുന്ന കൈതോടുകൾ സൈഡ് കെട്ടി സംരക്ഷിക്കുകയും ചെയ്യും .

## നീർത്തട വികസന കർമ്മ പരിപാടി

നീർത്തട വികസന കർമ്മ പരിപാടികൾ വരുന്ന 5 വർഷംകൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഭൂമിയിലെ ഇടപെടൽ മുകളിൽ നിന്ന് താഴേക്കാണ് ആദ്യ വർഷം കുന്നിൻ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണം, രണ്ടാം വർഷം കുന്നിൻ ചെരുവിലും മൂന്നാം വർഷം കുന്നിൻ താഴ്‌വാരങ്ങളിലും, 4,5 വർഷങ്ങളിൽ നീർത്തടത്തിന്റെ താഴ്വരയിലും നിരപ്പായ ഭൂമിയിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## പൊതു ആസ്തികൾ

നീർത്തടത്തിലെ പൊതു ആസ്തികൾ ആയ പരമ്പരാഗത ജല സ്രോതസ്സുകളുടെ സംരക്ഷണവും പുനർ നിർമ്മാണവും ആദ്യ വർഷം തന്നെ ഏറ്റെടുക്കുന്നതാണ്. രണ്ടാം വർഷം നീർച്ചാൽ സംരക്ഷണം നികന്ന് പോയതും കയ്യേറിയതുമായ ജലസ്രോതസ്സുകൾ സംരക്ഷിക്കണം. തുടർ വർഷങ്ങളിൽ മറ്റ് പൊള ആസ്ത ആയ റോഡുകൾ പുറമ്പോക്ക് ഭൂമിയിൽ വച്ച് പിടിപ്പിക്കുകയും ചെയ്യണം. ഈ പ്രവർത്തനങ്ങൾ മൂലം നീർത്തിന്റെ ജൈവ സമ്പത്ത് വർദ്ധിപ്പിക്കുകയും മൊത്തം ജനങ്ങൾക്ക് ഗുണം ലഭിക്കുകയും ചെയ്യുന്നു.

## കർമ്മപരിപാടി പൊതുഭൂമിയിൽ

നീർത്തടത്തിലെ പൊള ഭൂമിയായ തോട്, ചിറ, കുളം, തരിശ് പുറമ്പോക്ക്, റോഡുകൾ, കനാലുകൾ എന്നിവയുടെ സംരക്ഷണത്തിന് ആവശ്യമായ ഇടപെടലുകൾ താഴെ ചേർക്കുന്നു.

## 7. നീർത്തടത്തിലെ പ്രധാന സ്ഥലങ്ങൾ

നമ്പ്യാർ. ചിറ, പനിച്ചയം, നൂലേലി, ഓടക്കാലി, അശമന്നൂർ

നീർത്തടത്തിലെ പ്രധാന സ്ഥലമാണ് നമ്പ്യാർചിറ. ഈ ചിറക്ക് കിഴക്കും, തെക്കും ഭാഗം ഉയരത്തിൽ ചെറിയ, ചെറിയ കുന്നുകളും, വടക്ക്ഭാഗം

പാടശ്ശേഖരവുമാണ്. ഈ പാടശ്ശേഖരം തെക്ക് നിന്ന് വടക്കോട്ട് ചെരിവായും സ്ഥിതി ചെയ്യുന്നു. രണ്ട്പൂ കൃഷിക്ക് ഉപയുക്തമാണ്. അപ്രകാരം അശമന്നൂർ ഹൈസ്കൂളിന് വടക്ക് വശം പോളിമിയർ പൈവുഡ് കമ്പനിക്കും, കിഴക്ക് ഭാഗവുമുള്ള സ്ഥലമാണ് ഓടക്കാലി. തെക്കുപടിഞ്ഞാറ് ഭാഗം കുന്ന് ആയും ഈ കമ്പനി മുതൽ കിഴക്കോട്ട് നൂലേലി പാടം രണ്ട് പൂ നെൽകൃഷിക്കും ഉപയുക്തമായിരിക്കുന്നതാണ്. ഏറിയ ഭാഗവും റബ്ബർ കൃഷി ചെയ്തിട്ടുള്ളതാണ്. കുന്നിൻ മുകളിൽ വിവിധയിനം ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുന്നു. ചാമപൊതിയൻ പാറ കലർന്ന കുന്നുകൾ മണൽ ഖനനത്തിന് ഉപയോഗിക്കുന്നു. വ്യാപകമായ പാറക്വാറികൾ പ്രവർത്തിക്കുന്നു. കുന്നിൻ മുകളിലും മറ്റുമുള്ള വ്യവസായ സ്ഥാപനങ്ങൾ (പൈവുഡ് കമ്പനികൾ, കോഴി വളർത്തൽ കേന്ദ്രങ്ങൾ) പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കാലി വളർത്തൽ കുറഞ്ഞു വരുന്നു.

ഇടപെടൽ പ്രവർത്തനങ്ങൾ

താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണ്. പൊളളഭൂമിയിൽ മണ്ണ് സംരക്ഷണത്തിന് വേണ്ടി കട്ട് തിരിക്കൽ

ജല സംരക്ഷണത്തിനുവേണ്ടി പൊള കുളങ്ങൾ പുനർ നിർമ്മാണ പ്രവർത്തനണങ്ങൾ നടത്തുക, കയ്യേറുകയോ, നികന്നു പോകുകയോ ചെയ്തവ പുനഃ സ്ഥാപിക്കുക. നീർച്ചാലിൽ ചീർപ്പ് പുനരുദ്ധാരണം, തോട്ടിൽ ചെളി നീക്കൽ, പാർശ്വ ഭിത്തി സംരക്ഷണ് എന്നിവ നടത്താം.

# പയ്യാൽ നമ്പ്യാർചിറങ്ങര നീർത്തടം ഇടപെടലുകൾ

## 1 നീർച്ചാല നിർമ്മാണം

| ക്രമ നമ്പർ | നീർച്ചാലിന്റെ പേര് | വാർഡ് | തുക | നിർവ്വഹണം |
|---|---|---|---|---|
| 1 | കടുങ്ങണ തോട് ചെക്ക് ഡാം | 4 | 40 ലക്ഷം | തൊഴിലുറപ്പ് |
| 2 | കടുങ്ങണ തോട് | 4 | 20 ലക്ഷം | " |

## 2 നീർച്ചാൽ നവീകരണം

| | | | | |
|---|---|---|---|---|
| 1 | വഴിപ്പുഴ പാടത്തിന്റെ തോടുകൾ | 4 | 12 ലക്ഷം | " |
| 2 | കടുങ്ങണ - കുറ്റിക്കുഴി തോടുകൾ | 4 | 12 ലക്ഷം | " |
| 3 | പാട്ടാംകണ്ടം പാടത്തിന്റെതോടുകൾ | 4 | 2 ലക്ഷം | " |
| 4 | കനാൽ കാട തോടുകൾ | 4 | 20 ലക്ഷം | " |
| 5 | ചങ്ങം തോട് | 4 | 10 ലക്ഷം | " |
| 6 | നുഖേലി ചാലുകണ്ടം തോട് | 5 | 12 ലക്ഷം | " |
| 7 | കുരങ്ങാട്ടുചിറ തോട് | 6 | 20 ലക്ഷം | " |
| 8 | നുഖേലി തോട് | 7 | 13 ലക്ഷം | " |
| 9 | പുറ്റിങ്ങൽ തോട് | 7 | 13 ലക്ഷം | " |

## 3 പൊതുകിണർ നവീകരണം

| | | | | |
|---|---|---|---|---|
| 1 | 2 കിണർ | 3 | 0,60 ലക്ഷം | " |
| 2 | 4 കിണർ | 4 | 1 ലക്ഷം | " |
| 3 | 5 കിണർ | 7 | 2 ലക്ഷം | " |

## 4 പൊതുകുളം നിർമ്മാണം


| | | | | |
|---|---|---|---|---|
| 1 | കോളശ്ശേരിപടിക്കുളം | 5 | 5 ലക്ഷം | " |

| | | | | | |
|---|---|---|---|---|---|
| 5 | <u>പൊതുകുളം നവീകരണം</u> | | | | |
| 1 | പനിച്ചേരികുളം | | 5 | 3 ലക്ഷം | " |
| 2 | കുരങ്ങാട്ടുചിറ | | 6 | 6 ലക്ഷം | " |
| 3 | നമ്പ്യാർ ചിറങ്ങര | | 7 | 12 ലക്ഷം | " |
| 4 | പുറ്റിങ്ങൽ കുളം | | 7 | 0.60 ലക്ഷം | " |
| | | | | | |
| 1 | എൽ എൽ സി - 13700 - 16000 | | | 40 ലക്ഷം | |
| 2 | പനിച്ചയം എഫ് സി | | | | |
| 3 | പനിച്ചയം കാവ് എഫ് സി | | | 20 ലക്ഷം | |
| 4 | പനിച്ചയം ഈസ്റ്റ് | | | | |
| | | | | | |
| | നൂലേലി | 24-500 | 7 | 5 ലക്ഷം | |
| | നൂലേലി പാലം | 25-500 | 7 | 5 ലക്ഷം | |
| | ഉദയക്കവല | 26-1000 | 6 | 6 ലക്ഷം | |
| | പനിച്ചയം | 27-600 | 5 | 5 ലക്ഷം | |
| | പനിച്ചയം കാവ് | 28-500 | 5 | 5 ലക്ഷം | |
| | | | | | |
| | കോടനാട് ഈസ്റ്റ് ബ്രാഞ്ച് കനാൽ 0 മീ - 1500 മീ | | | | 20 ലക്ഷം |
| | നെടുങ്ങപ്ര എം ഡി | | | | 20 ലക്ഷം |
| | | | | | |
| 6 | നീർച്ചാലിനുള്ള സംരക്ഷണഭിത്തി നിർമ്മാണം | | | | |
| | ചങ്ങം തോട് | ജലസേചന വകുപ്പ് | | | 10 ലക്ഷം |
| | നൂലേലി തോട് | ജലസേചന വകുപ്പ് | | | 15 ലക്ഷം |
| | പുറ്റിങ്ങൽ തോട് | ജലസേചന വകുപ്പ് | | | 12 ലക്ഷം |
| | | | | | |
| 7 | കിണർ റീ ചാർജ്ജിംഗ് -കൃഷിവകുപ്പ്, തൊഴിലുറപ്പ് | | | | 102 ലക്ഷം |
| | സ്വകാര്യ കിണർ നിർമ്മാണം | 25 എണ്ണം തൊഴിലുറപ്പ് | | | 20 ലക്ഷം |
| 8 | പൊതു കിണർ നിർമ്മാണം | ഭൂജലവകുപ്പ് | | | 3 ലക്ഷം |
| 9 | മഴക്കുഴി നിർമ്മാണം | തൊഴിലുറപ്പ് | | | 35 ലക്ഷം |

| | | | |
|---|---|---|---|
| 10 | വൃക്ഷതൈകൾ | | |
| | ആവരണവിള പുതയിടൽ | തൊഴിലുറപ്പ് | 10 ലക്ഷം |
| 11 | വൃക്ഷതൈ നട്ടുപിടിപ്പിക്കൽ | തൊഴിലുറപ്പ് | 20 ലക്ഷം |
| 12 | മണ്ണ് കയ്യാല, കല്ല് കയ്യാല | തൊഴിലുറപ്പ് | 150 ലക്ഷം |
| | ജൈവവേലി നിർമ്മാണം | തൊഴിലുറപ്പ് | 10 ലക്ഷം |
| 13 | ചതുപ്പ് നിർമ്മാർജ്ജനം | | 40 ലക്ഷം |
| 14 | ജൈവ കമ്പോസ്റ്റ് | | 10 ലക്ഷം |
| 15 | ചെക്കു ഡാം | | 25 ലക്ഷം |

# പുന്നയം നീർത്തടം

# (14P 143b)



14 P 143b
392 ha
CHERUKUNNAM Jn.
14 P 143b1
485ha

# പൂമല പുന്നയം നീർത്തടം

എറണാകുളം ജില്ലയിൽ കൂവപ്പടി ബ്ലോക്കിൽ അശമന്നൂർ പഞ്ചായത്തിൽ ഉൾപ്പെട്ടതും പെരിയാർ നദീതടത്തിലെ ഒരു ചെറു നീർത്തടവുമാണ് ഇത്. അശമന്നൂർ പഞ്ചായത്തിൽ 1,2,3,4,8,12,13 വാർഡുകളിലായി ഈ നീർത്തടം വ്യാപിച്ചു കിടക്കുന്നു.

നീർത്തടത്തിന്റെ വിസ്തീർണ്ണം 877 ഹെ

NREGA യിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ

## നീർത്തടത്തിന്റെ അതിരുകൾ

**വടക്ക് :**

വട്ടച്ചാൽ തോട് മുതൽ തുരുത്തി പുന്നയം റോഡ് അശമന്നൂർ പഞ്ചായത്തിന്റെ വടക്കെ അതിര് പാമ്പാക്കാരൻ പീറ്റർ ജോസഫിന്റെ ഇടവഴി മുതൽ ചർച്ച് പള്ളിയുടെ പടിഞ്ഞാറുവശം വരെ.

**തെക്ക്:**

കോട്ടച്ചിറ മുട്ടത്തുമുകൾ റോഡിന്റെ കോട്ടച്ചിറ ഭാഗത്തുനിന്നാരംഭിച്ച ടി റോഡിന്റെ വടക്കുഭാഗം കൂടി മുട്ടത്തു മുകൾ കവലയിലെത്തി പടിഞ്ഞാറോട്ട് മുട്ടത്തുമുകൾ കോട്ടേൽ പടി റോഡു വഴി തെക്കും പുറം ബിജുവിന്റെ ഭവനത്തിന്റെ വടക്കു ഭാഗത്തുള്ള ഇടവഴിയിൽകൂടി പടിഞ്ഞാറോട്ടുപോയി രായമംഗലം പഞ്ചായത്ത് അതിർത്തി വരെ.

**കിഴക്ക്**

ഓടക്കാലി വിശുദ്ധ മാർത്തമറിയം പള്ളിയുടെ കിഴക്കുഭാഗത്തുകൂടി പോകുന്ന മൂവാറ്റുപുഴ - പാണിയേലി റോഡിൽ ചേർന്ന് അശമന്നൂർ പഞ്ചായത്ത് പ്രസിഡന്റിന്റെ വീടിന് പടിഞ്ഞാറ് വശത്തുകൂടി പോകുന്ന ഓടക്കാലി - അശമന്നൂർ നെടുങ്ങപ്ര റോഡിന്റെ പടിഞ്ഞാറുവശം വലിയ കനാൽ ക്രോസ് ചെയ്ത് ഞാപ്പി

പ്പാറയുടെ പടിഞ്ഞാറ് വടക്കു വശത്തുകൂടി പെരിയാർ വാലിയുടെ സബ്ക നാൽ ക്രോസ് ചെയ്ത് കല്ലിടുംബി ശശിയുടെ വീടുവരെ.

ഓടക്കാലി വി.മർത്തമറിയം പള്ളിയുടെ പടിഞ്ഞാറ് ഭാഗത്തുകൂടി പോകുന്ന റോഡ് മൂവാറ്റുപുഴ - പാണിയേലി റോഡിൽ ചേർന്ന് ഉദയാ കവല കഴിഞ്ഞ് കോട്ടച്ചിറ-മുട്ടത്തുമുകൾ റോഡിന്റെ ആരംഭംവരെ.

## പടിഞ്ഞാറ്

ചെറുകുന്നം-പൊന്നാടായി റോഡ് ചെന്ന് അവസാനിക്കുന്ന കരിമ്പൻകാല തോട് മുതൽ വടക്കോട്ട് എഎം റോഡ് ക്രോസ് ചെയ്ത് വടക്കോട്ട് പോയി മുടക്കുഴ പഞ്ചായത്തിന്റെ അതിർത്തിവരെയും കൂടാതെ രായമംഗലം പഞ്ചായത്തും.

## കാലാവസ്ഥ

ശരാശരി 3146.33 mm മഴ ലഭിക്കുന്നു. ഈ നീർത്തടത്തിലെ വരൾച്ചകാലം ഫെബ്രുവരി മുതൽ മെയ് വരെയാണ്. ഈ നീർത്തടത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിൽ നെല്ല്, റബ്ബർ, എന്നിവയാണ്. മുൻപ് ഏതാണ്ട് 150 ഹെക്ടറിൽ കൂടുതൽ നെൽകൃഷിയായിരുന്നു. ഇപ്പോൾ 50 ഹെ. ആയി ചുരുങ്ങി. ഈ നീർത്തടത്തിന്റെ ഭൂമി ശാസ്ത്ര പരമായ സ്ഥാനം അശമന്നൂർ പഞ്ചായത്തിന്റെ വടക്ക് - പടിഞ്ഞാറായി കിടക്കുന്നു.

## നീർത്തടത്തിന്റെ ഭൂമി ശാസ്ത്രപരമായ സ്ഥാനം

അശമന്നൂർ പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് ആയി കിടക്കുന്നു. ഉത്തര അക്ഷാംശം 10° 05' 7'' നും, 10° 06' 14'' നും ഇടയിലും രേഖാംശം 76° 32' 22'' നും 76° 33' 16'' നും ഇടയിലും ആണ് സ്ഥാനം. ശരാശരി 3146.33 മീ മഴ ലഭിക്കുന്നു. ഈ നീർത്തടത്തിലെ

വിവരശേഖരണരീതി :

ഗ്രാമ പഞ്ചായത്തിന്റെ അംഗീകാരത്തോടെ രൂപീകൃതമായ പൂമല പുന്നായം വാട്ടർഷെഡ് കമ്മിറ്റിയും ആകമ്മിറ്റിയിൽ നിന്നും തിരഞ്ഞെടുത്ത സർവ്വെ ടീമും ചേർന്ന് വിപുലമായ പ്രചരണം നടത്തി. പിന്നീട് ടീം അംഗങ്ങൾ ആവശ്യമായ ഫോറങ്ങളുടേയും ലീതോമാപ്പിന്റെയും സഹായത്തോടെ വീടുകൾ തോറും കയറിയിറങ്ങി വിവരങ്ങൾ ശേഖരിച്ചു.

## മണൽ തരങ്ങളും, ഭൂവിനിയോഗങ്ങളും

നീർത്തടത്തിൽ കൂടുതലായും പശിമ രാശികലർന്ന മണ്ണ് ആണ്. കൂടാതെ പിലസ്ഥലങ്ങളിൽ വെട്ട് കല്ല് കലർന്ന മണ്ണും, പാറകലർന്ന മണ്ണും കാണപ്പെടുന്നു. ഈ നീർത്തടത്തിൽ കരിങ്കല്ലിന്റെ സാന്നിധ്യം കൂടുതൽ ആണ്. പലഭാഗങ്ങളിലും 1-2 മീ. താഴ്ചയിൽ കരിങ്കല്ലിനേറ സാന്നിദ്ധ്യം ഉണ്ട്. ആയതിനാൽ അനേകം കാറികൾ ഈ ഭാഗത്തുണ്ട്.

ആകെ ലഭ്യമായ ഭൂമിയിൽ താഴെ പറയുന്ന വിളകൾ കൃഷി ചെയ്യുന്നു.

| | | |
|---|---|---|
| റബ്ബർ | - | 363 ഹെക്ടർ |
| തെങ്ങ് | - | 76 ഹെക്ടർ |
| നെല്ല് | - | 120 ഹെക്ടർ |
| വാഴ | - | 35 ഹെക്ടർ |
| കവുങ്ങ് | - | 15 ഹെക്ടർ |
| മരച്ചീനി | - | 42 ഹെക്ടർ |
| മറ്റു നാണ്യവിളകൾ | - | 20 ഹെക്ടർ |
| പച്ചക്കറി | - | 10 ഹെക്ടർ |
| പൈനാപ്പിൾ | - | 42 ഹെക്ടർ |
| ജാതി | - | 5 ഹെക്ടർ |
| മറ്റുവിളകൾ | - | 380 ഹെക്ടർ |
| ആകെ കൃഷി ഭൂമി | - | 753 ഹെക്ടർ |
| കൃഷിക്ക് ഉപയുക്തമായ തരിശ് | - | 3 ഹെക്ടർ |
| കൃഷിക്ക് ഉപയുക്തമായ ഭൂമി | - | 4 ഹെക്ടർ |
| ജലാശയങ്ങൾ | - | 11 ഹെക്ടർ |
| പൊതുഭൂമി | - | 5.5 ഹെക്ടർ |
| പുറമ്പോക്ക് | - | 7.5 ഹെക്ടർ |
| വനം | - | ഇല്ല |

## ജല വിഭവ സ്ഥിതി

പ്രധാനമായും 5 നീർച്ചാലുകളാണ് ഈ നീർത്തടത്തിലുള്ളത്. ആകെ നീർച്ചാലിന്റെ നീളം 19.3 km ആണ് ഡിസംബർ മാസത്തോടെ നീരൊഴുക്ക് വറ്റുന്നു.

**പ്രധാനചിറകൾ (കുളങ്ങൾ)**

1 വെട്ടുകാട് കുളം

2 വട്ടയ്ക്കാട് കുളം

3 വടച്ചിറ

4 കുരീച്ചിറ

5 കോതച്ചിറ

6 മുച്ചയ്ക്കാട്ട് ചിറ

7 കുറ്റിക്കാട്ട് ചിറ

8 പറമ്പിക്കുളം ചിറ

9 ചാത്തൻ ചിറ

10 മഠത്തിൽ പടിഞ്ഞാറോട്ട് വക കുളം

11 ഓണംപിള്ളി കുളം

12 വട്ടച്ചാൽകുളം

13 നച്ചേലി ചിറ (കൈയ്യേറ്റം നടത്തിയിട്ടുണ്ട്)

14 പനിയേലി ചിറ (പൊട്ട)

15 മുതിയാട്ട് ചിറ

16 മേയ്ക്കമൊലി ചിറ (കാരുചിറ)

17 അമചിറ

18 പൊട്ടുകാവ് (കയ്യേറ്റം)

19 കുരീയ്ക്കപാറ

20 അരീയ്ക്കപാറ ചിറ

21 ഓലിച്ചിറ മുട്ടത്തുമുകൾ

22 ചാത്തൻകോട് പൊട്ടക്കുളം

## നീർത്തടത്തിലെ പൊതു - സാമൂഹ്യ - സാമ്പത്തിക - സ്ഥിതി

സാമ്പത്തികമായി ഈ നീർത്തടത്തിലെ ജനങ്ങൾ ശരാശരിയിൽ താഴെയാണ്. ജനങ്ങൾ കൂടുതലും ആശ്രയിക്കുന്നത് കൃഷിയെയാണ്. സാക്ഷരതാ നിലവാരം ഉയർന്നതാണ്. ഈ നീർത്തോട്ടത്തിൽ 2 ക്രഷറുകൾ, 2 പ്ലൈവുഡ് കമ്പനികൾ, 2 ഹോളോ ബ്രിക്സ് കമ്പനികൾ, ഒരു അംഗീകൃത ഓയിൽ മിൽ എന്നിവ പ്രവർത്തിച്ചു വരുന്നു.

### പൊതു സ്ഥാപനങ്ങൾ

അശമന്നൂർ കൃഷിഭവൻ, അശമന്നൂർ ആരോഗ്യ കേന്ദ്രം, സഹകരണ സംഘം ബാങ്ക്, പഞ്ചായത്ത് ആഫീസ്, വിനീർ കമ്പനി (2), ഹോളോ ബ്രിക്സ് കമ്പനി (2), അശമന്നൂർ യു.പി. സ്കൂൾ, ഓടക്കാലി വിശുദ്ധ മർത്തമറിയം പള്ളി, വില്ലേജ് ഓഫീസ്, പി.ഡി.ഡി.പിയുടെ ഒരു സ്വതന്ത്ര ക്ഷീരോത്പാദക സഹകരണ സംഘം, പുന്നയം മഹാദേവക്ഷേത്രം, കുനയത്ത് കാവും ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു.

### മറ്റ് അടിസ്ഥാന സൗകര്യങ്ങൾ

### റോഡുകൾ

എ എം റോഡ് ഓടയ്ക്കാലി - അശമന്നൂർ നെടുങ്ങപ്ര റോഡ്, പൂമല - വേങ്ങൂർ റോഡ്, കല്ലിൽ ഓടക്കാലി റോഡ്, തല പുഞ്ച പൂമല റോഡ്, ഓടയ്ക്കാലി, പൂമല - ചെറുകുന്നം റോഡ്, ഓടക്കാലി - കുരീക്കപ്പാറ - ചെറുകുന്നം റോഡ് കൂടാതെ ധാരാളം ചെറു റോഡുകളും ഉണ്ട്. നീർത്തടത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങൾ വരളമാണ്. 95% വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. നീർത്തടത്തിൽ 4 അംഗനവാടികൾ പ്രവർത്തിന്നുന്നുണ്ട്. ഒരു ഗവ. യു.പി.സ്ക്കൂളും, സ്വകാര്യമേഖലയിൽ ഒരു എൽ.പി. സ്ക്കൂൾ പ്രവർത്തിക്കുന്നതൊഴിച്ചാൽ വേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. ഒരു ആരോഗ്യ കേന്ദ്രവും, സബ്സെന്ററും പ്രവർത്തിക്കുന്നു. ഒരു പൊതു ഉപമേഖലാ സ്ഥാപനമായ ടെലി ഫോൺ എക്സ്ചേഞ്ച് ഈ നീർത്തടത്തിന്റെ പരിധിയിൽ വരുന്നു. അശമന്നൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി ആയ ചെറുകുന്നം

പദ്ധതിയുടെ വാട്ടർടാങ്ക് ഈ നീർത്തടത്തിൽ ആണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ മുട്ടത്തുമുകൾ, നച്ചേലി കോളനി പുറമ്പോക്ക് പുന്നയം എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

<u>നീർത്തടത്തിലെ പ്രശ്നങ്ങൾ</u>

1 കാർഷിക മേഖലയിൽ തൊഴിലാളികളെ ലഭിക്കുന്നില്ല.

2 നീർത്തടത്തിൽ വ്യാപകമായ മണ്ണൊലിപ്പ് ഉണ്ട്

3 ജലം വളരെ പെട്ടെന്ന് ഒഴുകി പോകുന്നു.

4 നെൽകൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ മറ്റ് വിളകൾക്കായി ഉപയോഗിക്കുന്നു.

5 ബഹുവിള കൃഷിയിൽ നിന്ന് ഏക വിള കൃഷിയിലേക്ക് തിരിയുന്നു.

6 അതിനാൽ ജലക്ഷാമം അുഭവപ്പെടുന്നു.

7 തണ്ണീർത്തടങ്ങൾ നികത്തുകയും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

8 അതിനാൽ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നു. (മുട്ടത്തുമുകൾ, നമ്പേലി, പുതക്കുഴി)

9 വ്യാപകമായി മണ്ണെടുപ്പ് നടത്തുന്നു.

10 കുന്നുകൾ മണൽ ഖനനത്തിന് ഉപയോഗിക്കുന്നു.

11 വ്യാപകമായി കൽക്വാറികൾ പ്രവർത്തിപ്പിക്കുന്നു.

12 കുന്നിൻ മുകളിലെ വ്യവസായ സ്ഥാപനങ്ങൾ (പ്ലൈവുഡ് കമ്പനികൾ)

13 കാലി വളർത്തൽ കുറഞ്ഞു വരുന്നു.

14 വരുമാനദായകമായ തൊഴിലുകൾ ഇല്ല

15 തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നില്ല

<u>ഇടപെടൽ പ്രവർത്തനങ്ങൾ</u>

നീർത്തടത്തിന്റെ ഇപ്പോഴുള്ള അവസ്ഥ പരിഹരിക്കുവാൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാം

## പൊതു ഭൂമി

പൊതുഭൂമിയിൽ മണ്ണ് സംരക്ഷണത്തിന് വേണ്ടി

തട്ടുതിരിക്കൽ - കോണ്ടൂർ ബണ്ടിംഗ് തുടങ്ങിയവ നടത്താം

ജല സംരക്ഷണത്തിന് വേണ്ടി പൊതു കുളങ്ങൾ (കിണർ) പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക. കയ്യേറുകയോ നികന്നു പോകുകയോ ചെയ്തവ പുനഃസ്ഥാപിക്കുക. നീച്ചാലിൽ തടയണ പുനരുദ്ധാരണം, തോടുകളിൽ ചെളി നീക്കം ചെയ്യൽ, പാർശ്വഭിത്തി കെട്ടി സംരക്ഷണം എന്നിവ ചെയ്യാം

സ്വകാര്യ ഭൂമി : മണ്ണു സംരക്ഷണ പ്രവർത്തനത്തിന് വേണ്ടി മഴക്കുഴി നിർമ്മിക്കൽ, തട്ടുതിരിക്കൽ, കയ്യാലനിർമ്മാണം തുടങ്ങിയവയും ജല സംരക്ഷണത്തിന് ജൈവവേലി നിർമ്മാണം തെങ്ങിന് തടം എടുക്കൽ, ജാതിക്ക് തടം കോരൽ, ...കൃഷിക്ക് വലയൊരുക്കൽ ബണ്ടു നിർമ്മാണം, കിണർ, കുളം നവീകരണം, നീർച്ചാൽ നിരമ്മാണം, പുതയിടൽ,പുൽകൃഷല, ഫല വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, നിലം കിളക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കും.

## നീർത്തടവികസന കർമ്മ പരിപാടി

നീർത്തട വികസന പരിപാടികൾ വരുന്ന 5 വർഷം കൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## പൊതു ആസ്തികൾ

നീർത്തടത്തിലെ ആസ്തികൾ ആയ പരമ്പരാഗത ജല സ്രോതസ്സുകളുടെ സംരക്ഷണവും, പുനർനിർമ്മാണവും ആദ്യ വർഷം തന്നെ ഏറ്റെടുക്കുന്നതാണ്. രണ്ടാം വർഷം നീർച്ചാൽ സംരക്ഷണം നികന്ന് പോയതും കൈയ്യേറിയതുമായ ജല സ്രോതസ്സുകൾ സംരക്ഷിക്കണം. തുടർവർഷങ്ങളിൽ മറ്റ് പൊതു ആസ്തികളായ റോഡുകൾ, പുറമ്പോക്കുഭൂമി എന്നിവയുടെ സംരക്ഷണവും പുറമ്പോക്ക് ഭൂമിയിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിയ്ക്കുകയും ചെയ്യണം. ഈ പ്രവർത്തനങ്ങൾ മൂലം നീർത്തടത്തിന്റെ ജൈവ സമ്പത്ത് വർദ്ധിപ്പിക്കുകയും മൊത്തം ജനങ്ങൾക്ക് ഗുണം ലഭിക്കുകയും ചെയ്യും.

## കർമ്മപരിപാടി പൊതു ഭൂമിയിൽ

നീർത്തടത്തിലെ പൊതു ഭൂമിയായ തോട്, ചിറ, കുളം, തരിശ്, പുറമ്പോക്ക്, റോഡുകൾ, കനാലുകൾ എന്നിവയുടെ സംരക്ഷണത്തിന് ആവശ്യമായ ഇടപെടലുകൾ താഴെ ചേർക്കുന്നു.

## സംയോജന സാദ്ധ്യതകൾ

നീർത്തട വികസനം ഒരു സമഗ്ര വികസന പരിപാടി ആയതിനാൽ വിവിധ വകുപ്പുകൾ, വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ സംയോജിപ്പിച്ച് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കും

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

രാഷ്ട്രീയ കൃഷി വികാസ് യോജന

ദേശീയ വാട്ടർ ഷെഡ്ഡ് വികസന ഫണ്ട്.

നബാർഡ് ഫണ്ട് തുടങ്ങിയ ഏജൻസികൾ

കൃഷി വകുപ്പ്

മൃഗ സംരക്ഷണ വകുപ്പ്

ക്ഷീര വികസന വകുപ്പ്

വൻകിട - ചെറുകിട, ജലസേചന വകുപ്പ്

## സാമൂഹ്യ ക്ഷേമ വകുപ്പ്

പ്രാദേശിക സർക്കാരുകൾ തുടങ്ങിയ വകുപ്പ്

എം.എൽ.എ., എം.പി.തുടങ്ങിയവരുടെ പ്രാദേശിക വികസന ഫണ്ടുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വായ്പകൾ തുടങ്ങിയവ കൂടി ചേർന്ന് നീർത്തട വികസന പദ്ധതി വികസിപ്പിക്കുവാൻ സാധിക്കും.

## സ്വകാര്യഭൂമിയിലെ ഇടപെടൽ

നീർത്തടത്തിലെ കുടുംബങ്ങളിൽ 5 ഏക്കർ വരെ കൈവശമുള്ളവരുടെ ഭൂമിയിൽ മണ്ണ്, ജലം, ജൈവ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഒരു പ്രാവശ്യം ഇടപെടാൻ ഈ നീർത്തടവികസന പദ്ധതികൊണ്ട സാധിക്കും.

## പൂമല പുന്നയം നീർത്തടം

1 നീർച്ചാലുകളുടെ നിർമ്മാണം

| ക്രമ നമ്പർ | നീർച്ചാലിന്റെ പേര് | വാർഡ് | തുക | നിർവ്വഹണം |
|---|---|---|---|---|
| 1 | തലപ്പുഞ്ച വേങ്ങൂർ | 1 | 70 ലക്ഷം | തൊഴിലുറപ്പ് ജലസേചന വകുപ്പ് |
| 2 | അശമന്നൂർ പുന്നയം തോട് | 3 | 10 ലക്ഷം | തൊഴിലുറപ്പ് |
| 3 | പുച്ചക്കുഴി പാടം തോട് | 14 | 10 ലക്ഷം | തൊഴിലുറപ്പ് |

2 നവീകരണം (നീർച്ചാൽ)

| | | | | |
|---|---|---|---|---|
| 1 | ഞണ്ടാടിപ്പാടം തോട് | 1 | 21 ലക്ഷം | തൊഴിലുറപ്പ് ജലസേചന വകുപ്പ് |
| 2 | പി.വി.ഐ.പി.കാഡതോട് | 1 | 5.8 ലക്ഷം | " |
| 3 | കമ്പനിപ്പടിഞണ്ടാടിലിങ്ക്റോഡ് | 1 | 2 ലക്ഷം | തൊഴിലുറപ്പ് |
| 4 | ചെറുകുന്നം പി.വി.ഐ.പി കനാൽ ഞണ്ടാടി തോട് | 1 | 0.50 ലക്ഷം | " |
| 5 | ചെറുകുന്നം പി.വി.ഐ.പി കനാൽ വേങ്ങൂർ തോട് | 1 | 1 ലക്ഷം | " |
| 6 | ഞണ്ടാടി തോട് ഫീൽഡ് ചാൽ | 1 | 1 ലക്ഷം | " |
| 7 | കുരിച്ചിറ തോട് | 1 | 2 ലക്ഷം | " |
| 8 | ആനക്കുഴി പാടം പുന്നയം അമ്പലതോട് | 2 | 3 ലക്ഷം | " |
| 9 | ചെട്ടുകാട് തോട് | 2 | 3 ലക്ഷം | " |
| 10 | പുട്ടാം തോട് | 2 | 3 ലക്ഷം | " |
| 11 | ഞണ്ടാടിപ്പാടത്തിന്റെ രണ്ട് വശത്തുള്ള തോടുകൾ | 3 | 2 ലക്ഷം | " |
| 12 | അശമന്നൂർ പാടത്തിന്റെ രണ്ട് വശത്തുള്ള തോടുകൾ | 3 | 2 ലക്ഷം | " |
| 13 | അരീയ്ക്കചിറ വായക്കര കാവ് തോട് | 13 | 5 ലക്ഷം | " |
| 14 | തലപ്പുഞ്ച കുളം തോട് | 14 | 2ലക്ഷം | " |

| | | | | |
|---|---|---|---|---|
| 15 | ഓളംമ്പിളി തോട് | 14 | 2ലക്ഷം | " |
| 16 | കോതച്ചിറ തോട് | 14 | 2ലക്ഷം | " |
| 3 | **പൊതുകിണർ നവീകരണം** | | | |
| 1 | 4 കിണർ | 1 | 0.60 ലക്ഷം | " |
| 2 | 6 കിണർ | 14 | 1.6 ലക്ഷം | " |
| 3 | 3 കിണർ | 14 | 0.60 ലക്ഷം | " |
| 4 | 2 കിണർ | 3 | 0.80ലക്ഷം | " |
| 4 | **പൊതു കുളങ്ങളുടെ നിർമ്മാണം** | | | |
| 1 | വട്ടയ്ക്കാട്ടു കുളം | 1 | 10 ലക്ഷം | " |
| 2 | കുരിച്ചിറ | 1 | 28 ലക്ഷം | " |
| 3 | കോതച്ചിറ | 14 | 50 ലക്ഷം | " |
| 4 | ചാത്തൻചിറ | 14 | 15 ലക്ഷം | " |
| 5 | ഓണമ്പിള്ളികുളം | 14 | 5 ലക്ഷം | " |
| 5 | **പൊതുകുളങ്ങളുടെ നവീകരണം** | | | |
| 1 | കുറ്റിക്കാട്ട് ചിറ | 1 | 11 ലക്ഷം | തൊഴിലുറപ്പ് ജലസേചന വകുപ്പ് |
| | കടാശ്ശേരി കുളം | 2 | 1 ലക്ഷം | തൊഴിലുറപ്പ് |
| 3 | മറത്തിൽ പടിഞ്ഞാറേകുളം | 2 | 1 ലക്ഷം | തൊഴിലുറപ്പ് |
| 4 | വടചിറ | 3 | 15 ലക്ഷം | " |
| 5 | പറമ്പിക്കുളം | 14 | 2 ലക്ഷം | " |
| 6 | മുച്ചിക്കാട്ട് ചിറ | 14 | 2 ലക്ഷം | " |
| 7 | അരിയ്ക്കചിറ | 14 | 5 ലക്ഷം | " |

6 **നവീകരണം**

1 എൽ. എൽ.സി 2.5 കി.മീ 16.00 + 018500 കി.മി. - 40 ലക്ഷം

2 പുന്നയം എം.ഡി. 3 ലക്ഷം (2 കി.മീ.)

7 **കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബണ്ട് സംരക്ഷണം**

തലപ്പുഞ്ച വേങ്ങൂർ 1.2 കി.മീ. തൊഴിലുറപ്പ് 17 ലക്ഷം

8 **നീർച്ചാലിനുള്ള സംരക്ഷണ ഭിത്തി നിർമ്മാണം**


തലപ്പുഞ്ച വേങ്ങൂർ 1.2 കി.മീ. ജലസേചന വകുപ്പ് 20 ലക്ഷം

| | | | | |
|---|---|---|---|---|
| 9 | തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കൽ | | | |
| | പയ്യാൽ | 5 ഏക്കർ | തൊഴിലുറപ്പ്, കൃഷി വകുപ്പ് | 10 ലക്ഷം |
| 10 | കിണർ റീചാർജിംഗ് | 100 എണ്ണം | കൃഷി വകുപ്പ്, തൊഴിലുറപ്പ് | 8 ലക്ഷം |
| 11 | സ്വകാര്യ കിണർ നിർമ്മാണം | 20എണ്ണം | തൊഴിലുറപ്പ് | 15 ലക്ഷം |
| 12 | പൊതുകിണർ നിർമ്മാണം | | ഭൂജലവകുപ്പ് | 3 ലക്ഷം |
| 13 | മഴകുഴി നിർമ്മാണം | | തൊഴിലുറപ്പ് | 80 ലക്ഷം |
| 14 | വൃക്ഷതൈകൾ | | | |
| | ആവരണപുതയിടൽ | | തൊഴിലുറപ്പ് | 15 ലക്ഷം |
| 15 | വൃക്ഷ തൈ നട്ടുപിടിപ്പിക്കൽ | | തൊഴിലുറപ്പ് | .25 ലക്ഷം |
| 16 | മണ്ണ് കയ്യാല, കല്ല് കയ്യാല | | തൊഴിലുറപ്പ് | 200 ലക്ഷം |
| 17 | ജൈവ വേലി നിർമ്മാണം | | തൊഴിലുറപ്പ് | 5 ലക്ഷം |

# No. 3

## മേതല ചെറുവറ്റൂർ തോട് നീർത്തടം

# 13 M 38 B



VANDAMATTAM KAVALA

**മേതല ചെറുവത്തൂർ തോട് (13)**

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ കൂവപ്പടി ബ്ലോക്കിൽ അശമന്നൂർ ഗ്രാമപഞ്ചായത്തിൽ മൂവാറ്റുപുഴ നദി തടത്തിലെ ഒരു ചെറു നീർത്തടമാണ് മേതല ചെറുവത്തൂർ തോട് നീർത്തടം. അശമന്നൂർ പഞ്ചായത്തിലെ എന്ന വാർഡുകൾ ഉൾപ്പെട്ടതാണീ നീർത്തടം വിസ്തീർണ്ണം 650 ഹെക്ടർ. നീർത്തടത്തിന്റെ അതിരുകൾ

വടക്ക് - ഓടക്കാലിയിൽ നിന്നും പാനിപ്ര LP School പോകുന്ന റോഡിന്റെ തെക്ക് വശം നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ അതിർത്തിവരെയുള്ള ഭാഗം

തെക്ക് - പായിപ്ര ഗ്രാമപഞ്ചായത്ത്

കിഴക്ക് - നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് -രായമംഗലം ഗ്രാമപഞ്ചായത്ത്.

കാലാവസ്ഥ - സരാശി 3146 mm .മഴലഭിക്കുന്നു. 75% കാലവർഷമായും 18.2 തുലാവർഷമായും 5.7 വേനൽ മഴയായും ലഭിക്കുന്നു. ഈ നീർത്തടത്തിലെ വർൾച്ചക്കാലം ഫെബ്രുവരി മുതൽ മെയ് വരെയാണ്.

<u>ജലവിഭവ സ്ഥിതി</u>

1. **നീർച്ചാലുകൾ**

   1 വാച്ചിറ തോട്

   2 ഓറോലി തോട്

   3 ചക്കൻചിറ കുളം തോട്

   4 മണിക്കുന്ന് മോളം നാക്കേലി തോട്

   5 മധുരേലി തോട്

   6 ഇച്ചിങ്ങാമറ്റം തോട്

   7 തൃക്കേപ്പടി തോട്

   8 പൊട്ടുകാവ് തോട്

9 കാൽകുഴിച്ചാൽ വെള്ളാറതോട്

10 മുട്ടുപാറ തോട്

11 ടണൽ ജംഗ്ഷൻ കടമ്പേലി തോട്

12 കാലിയാറ വാലുഭാഗം ചെറുവട്ടൂർ തോട്

13 കല്ലിൽ ഷാപ്പും പടി കല്ലാക്കൽ തോട്

14 പിഷാരത്തുപടി കല്ലാരം തോട്

15 കാളിറാറ വാലുഭാഗം കല്ലാക്കൽ തോട്

16 ചോറുകുഴി തോട്

2. കുളം

1 കോട്ടച്ചിറ

2 പുറം ചിറ

3 ചക്കൻ ചിറ

4 കരിമ്പനാകുഴി ചെക്ക് ഡാം

5 കാനാകുളം

6 പുത്തൻകുളം

7 കാളിയാറ കുളം

8 ഓലിച്ചിറ (മുട്ടത്തുമുകൾ)

9 ഓലിച്ചിറ വായ്ക്കര

10 പാത്തൻകോട്ട് പൊട്ടക്കുളം

11 അറയ്ക്കക്കോട്ടു പൊട്ടൻകുളം

12 പുതക്കുഴിച്ചിറ

13 അമച്ചിറ

14 കുനൻ ചിറ

15 തേക്കമാലി ചിറ

16 നമ്പേലി ചിറ

17 കൂരാളികുളം

18 മണികുന്നേൽ അമ്പലകുളം

19 ഇഞ്ചകുടി കുളം

20 പിറ്റേത്തുകുടി കുളം

21 മുതുക്കാട് കുളം

3 **കിണറുകൾ**

1 പാച്ചുപിള്ള പടികിണർ

2 ഇടഞ്ഞികുളം കിണർ

3 കല്ലേലിമോളം കിണർ

4 വാർഡ് നമ്പർ 11 ൽ 2 എണ്ണം

5 വാർഡ് നമ്പർ 9 ൽ 3 എണ്ണം

6 വാർഡ് നമ്പർ 12 ൽ 7 എണ്ണം

7 വാർഡ് നമ്പർ 8 ൽ 3 എണ്ണം

8 വാർഡ് നമ്പർ 10 ൽ 1 എണ്ണം

4 റോഡുകൾ

1 ആലുവ - മൂന്നാർ റോഡ് നീർത്തടത്തിന്റെ വടക്കുവശത്തുകൂടി കടന്നുപോകുന്നു.

2 പാണിയേലി - മൂവാറ്റുപുഴ റോഡ്

നീർത്തടത്തിലെ പ്രധാന പ്രശ്നങ്ങൾ

1 കുടിവെള്ളക്ഷാമം : ഏക്കുന്നം, ദാറുസലാം, കോട്ടച്ചിറ ഭാഗങ്ങളിൽ

2 കാർഷിക മേഖലയിൽ തൊഴിലാളികൾ ലഭിക്കുന്നില്ല

3 നീർത്തടത്തിൽ വ്യാപകമായ മണ്ണൊലിപ്പ് ഉണ്ട്

4 ജലം വളരെ പെട്ടെന്ന് ഒഴികി പോകുന്നു.

5 നെൽകൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ മറ്റ് വിളകൾക്കായി ഉപയോഗിക്കുന്നു.

6 ബഹുവിള കൃഷിയിൽ നിന്ന് ഏകവിളകൃഷിയിലേക്ക് തിരിയുന്നു. അതിനാൽ ജലക്ഷാമം അനുഭവപ്പെടുന്നു.

7 തണ്ണീർ തടങ്ങൾ നികത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

8 കുടിവെള്ള ക്ഷാമം ഉണ്ടാകുന്നു. (അംബേദ്കർ, വണ്ടമറ്റം, കനാലപാലം, ഇല്ലത്ത്പടി)

9 വ്യാപകമായി മണ്ണെടുപ്പ് നടത്തുന്നു.

10 കുന്നുകൾ മണൽ ഖനനത്തിന് ഉപയോഗിക്കുന്നു

11 പ്ലൈവുഡ് കമ്പനികൾ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

12 കാലി വളർത്തൽ കുറഞ്ഞു വരുന്നു.

13 വരുമാനദായകമായ തൊഴിലുകൾ ഇല്ല

## ഇടപെടൽ പ്രവർത്തനങ്ങൾ

ഈ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതുകൊണ്ട് നീർത്തടത്തിലെ ജല ആഗിരണശേഷി വർദ്ധിക്കുന്നു. മണ്ണൊലിപ്പ് തടയുന്നു കൃഷിയിൽ നിന്നുള്ള ഉൽപാദവും ഉൽപാദനക്ഷമതയും. വർദ്ധിക്കുന്നു. ഇതുമൂലം ജൈവസമ്പത്ത് വർദ്ധിക്കുന്നു. ഒപ്പം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് ആവശ്യത്തിന് തൊഴിൽ നൽകൽ സാധിക്കുന്നു. കൂടാതെ ഭക്ഷ്യ സുരക്ഷ പദ്ധതിക്ക് കൈത്താങ്ങ് നൽകുവാൻ സാധിക്കുന്നു.

## നീർത്തം വകസന പരിപാടി

നീർത്തട വികസന പരിപാടികൾ വരുന്ന അഞ്ച് വർഷത്തേക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇടപെടൽ നീർത്തടത്തിന്റെ മുകളിൽ നിന്നും താഴേക്കാണ്. ആദ്യവർഷം കുന്നിൻ പ്രദേശങ്ങളിലെ മണ്ണ് ജല സംരക്ഷണം രണ്ടാം വർഷം കുന്നിൻ ചെരുവിലും, മൂന്നാം വർഷം കുന്നിൻ താഴ്വരയിലും (നിരപ്പായ ഭൂമിയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

1 **നീർത്തടത്തിലെ പ്രധാന സ്ഥലങ്ങൾ**

മണികുന്നേൽ ക്ഷേത്രം, ഹൈലെവൽ കനാൽ ചക്കൻചിറ അംഗൻവാടി, മുസ്ലീം പള്ളി, കോട്ട ചിറ, കനാൽ കവല, വണ്ടമറ്റം അംബ്ദേകർ കോളനി, കാട്ടാകുഴി

**മണൽ തരങ്ങൾ ഭൂ വിനിയോഗം**

നീർത്തടത്തിൽ കൂടുതലായും പശിമരാശി കലർന്ന മണ്ണാണ്, കൂടാതെ ചില സ്ഥലങ്ങളിൽ വെട്ടുകല്ലും കലർന്ന മണ്ണും, പാറ കലർന്ന മണ്ണും കാണപ്പെടുന്നു.

**പൊതു ആസ്തികൾ**

1 നീർത്തടത്തിന്റെ പൊതു ആസ്തികൾ ആയ പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനർ നിർമ്മാണവും ആദ്യവർഷം തന്നെ ഏറ്റെടുക്കുന്നതാണ്. 2-ാം വർഷം നീർച്ചാൽ സംരക്ഷണം നികന്ന് പോയതും കൈയ്യേറിയതുമായ ജല സ്രോതസ്സുകൾ സംരക്ഷിക്കണം. തുടർ വർഷങ്ങളിൽ മറ്റ് പൊതു ആസ്തികളായ റോഡുകൾ, പുറമ്പോക്ക് ഭൂമി എന്നിവയുടെ സംരക്ഷണവും, പുറമ്പോക്കു ഭൂമിയിൽ വൃക്ഷങ്ങൾ വച്ചും പിടിപ്പിക്കുകയും ചെയ്യും. ഈ പ്രവർത്തനങ്ങൾ മൂലം നീർത്തടത്തിന്റെ ജൈവ സമ്പത്ത് വർദ്ധിക്കുകയും മൊത്തം ജനങ്ങൾക്ക് ഗുണം ലഭിക്കുകയും ചെയ്യും.

## കല്ലിൽ ഇരമല്ലൂർ തോട് നീർത്തട ഇടപെടലുകൾ

1 **നീർച്ചാലുകളുടെ നിർമ്മാണം**

| ക്രമ നമ്പർ | നീർച്ചാലിന്റെ പേര് | വാർഡ് | തുക | നിർവ്വഹണം |
|---|---|---|---|---|
| 1 | വാച്ചിറ തോട് | 8 | 25 ലക്ഷം | തൊഴിലുറപ്പ് |
| 2 | ഓറോലി തോട് | 10 | 3 ലക്ഷം | " |

2 **നീർച്ചാലുകളുടെ നവീകരണം**

| | | | | |
|---|---|---|---|---|
| 1 | ചക്കൻചിറപ്പുറം തോട് | 9 | 1 ലക്ഷം | " |
| 2 | മണിക്കുന്ന്മോളം നാക്കേലി തോട് | 9 | 1 ലക്ഷം | " |
| 3 | മതിലേരി തോട് | 9 | 1 ലക്ഷം | " |
| 4 | ഇച്ചിങ്ങാമറ്റം തോട് | 9 | 1 ലക്ഷം | " |
| 5 | തൃക്കേപ്പടിതോട് | 9 | 1 ലക്ഷം | " |
| 6 | ഓറോലി തോട് | 9 | 5 ലക്ഷം | " |
| 7 | പൊട്ടുകാവ് തോട് | 12 | 5 ലക്ഷം | " |
| 8 | കാരുകുഴിച്ചിൽ വെള്ളാറ തോട് | 12 | 18 ലക്ഷം | " |
| 9 | മുട്ടുപാറ തോട് | 12 | 2 ലക്ഷം | " |
| 10 | ടണൽ അംഗ്ഷൻ കമ്പേലി തോട് | 11 | 15 ലക്ഷം | " |
| 11 | കാളിയാറ വാലുഭാഗം | | | |
| | ചെറുവട്ടൂർ തോട് | 11 | 2 ലക്ഷം | " |
| 12 | കല്ലിൽ ഷോലാർപടി | | | |
| | കല്ലാക്കൽതോട് | 11 | 2 ലക്ഷം | " |
| 13 | പിഷാരത്തുപടി കല്ലാക്കൽതോട് | 11 | 3 ലക്ഷം | " |
| 14 | കാളിയാറ വാലുകല്ലാക്കൽ തോട് | 11 | 3 ലക്ഷം | " |
| 15 | ചേരുകുഴി തോട് | 10 | 3 ലക്ഷം | " |

| | | | | |
|---|---|---|---|---|
| 3 | **പൊതുകിണർ നവീകരണം** | | | |
| 1 | 2 എണ്ണം | 11 | 0.60 ലക്ഷം | തൊഴിലുറപ്പ് |
| 2 | 3 എണ്ണം | 9 | 2 ലക്ഷം | " |
| 3 | 7 എണ്ണം | 12 | 2 ലക്ഷം | " |
| 4 | 3 എണ്ണം | 8 | 1 ലക്ഷം | " |
| 5 | 1 എണ്ണം | 10 | 0.50 ലക്ഷം | " |
| 4 | **പൊതുകുളങ്ങളുടെ നിർമ്മാണം** | | | |
| 1 | കോട്ടച്ചിറ | 9 | 25 ലക്ഷം | " |
| | **പൊതുകുളങ്ങളുടെ നവീകരണം** | | | |
| 1 | പുറംചിറ | 8 | 3 ലക്ഷം | " |
| 2 | ചട്ടൻചിറ | 9 | 2 ലക്ഷം | " |
| 3 | കരിമ്പനാക്കുഴി ചെക്ക് ഡാം | 10 | 12 ലക്ഷം | " |
| 4 | കാനാകുളം | 10 | 10 ലക്ഷം | " |
| 5 | കാനാച്ചിറ | 9 | 2 ലക്ഷം | " |
| 6 | പുത്തൻ കുളം | 11 | 6 ലക്ഷം | " |
| 7 | കാളിയാറകുളം | 9 | 2 ലക്ഷം | " |
| 8 | ഓലിച്ചിറ (മുട്ടത്തുമുകൾ) | 12 | 1 ലക്ഷം | " |
| 9 | ഓലിച്ചിറ (വായക്കര) | 12 | 12 ലക്ഷം | " |
| 10 | ചാത്തൻകോട് പൊട്ടക്കുളം | 12 | 6 ലക്ഷം | " |
| 11 | അറക്കനാട്ട് പൊട്ടകുളം | 12 | 8 ലക്ഷം | " |
| 12 | പൂതക്കുഴി ചിറ | 12 | 5 ലക്ഷം | " |
| 13 | അമച്ചിറ | 12 | 8 ലക്ഷം | " |
| 14 | കുന്നൻ ചിറ | 12 | 2 ലക്ഷം | " |
| 15 | മേയ്ക്കപ്പാല ചിറ | 12 | 5 ലക്ഷം | " |

| | | | | |
|---|---|---|---|---|
| 16 | നമ്പേലി ചിറ | 12 | 16 ലക്ഷം | " |
| 17 | കരാളി കുളം | 12 | 1 ലക്ഷം | " |
| 5 | **തടയിണ നിർമ്മാണം** | | | |
| | ഓരോലി തോട് | 10 | 3 ലക്ഷം | " |
| 6 | **നവീകരണം** | | | |
| 1 | എച്ച്.എൽ.സി. 8.5 - 10.5 ആർ | | | 40 ലക്ഷം |
| 2 | കല്ലിൽ ലിഫ്റ്റ് ഇറിഗേഷൻ കനാൽ 1200 മീ | | | 25 ലക്ഷം |
| 3 | പായിപ്ര എം.ഡി. 1 കി.മീ | | | 10 ലക്ഷം |
| 4 | ചക്കൻചിറ എഫ് സി 835 മീ | | | 6 ലക്ഷം |
| 5 | കോട്ടച്ചിറ എഫ് സി 175 മീ | | | 2 ലക്ഷം |
| 7 | **കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബണ്ട് സംരക്ഷണം** | | | |
| | ഓരോലി തോട് | 20 ലക്ഷം | | |
| 8 | **നീർച്ചാലിനുള്ള സംരക്ഷണ ഭിത്തി നിർമ്മാണം** | | | |
| | മുട്ടത്തുപാറ തോട് | ജലസേചന വകുപ്പ് | | 15 ലക്ഷം |
| | ടണൽ കടമ്പേലി തോട് | ജലസേചന വകുപ്പ് | | 12 ലക്ഷം |
| 9 | **തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കൽ** | | | |
| | മേതല - വേങ്ങൂർ ഭാഗം | കൃഷി വകുപ്പ് | | |
| | | തൊഴിലുറപ്പ് | | 10 ലക്ഷം |
| 10 | കിണർ റീ ചാർജ്ജിംഗ് | 100 എണ്ണം | | 8 ലക്ഷം |

| | | | |
|---|---|---|---|
| 11 | സ്വകാര്യ കിണർ നിർമ്മാണം | തൊഴിലുറപ്പ് | 10 ലക്ഷം |
| 12 | പൊതു കിണർ നിർമ്മാണം | തൊഴിലുറപ്പ് | 2 ലക്ഷം |
| 13 | മഴക്കുഴി നിർമ്മാണം | തൊഴിലുറപ്പ് | 10 ലക്ഷം |
| 14 | വൃക്ഷതൈകൾ ആവരണ വിള പുതയിടൽ | തൊഴിലുറപ്പ് | 10 ലക്ഷം |
| 15 | വൃക്ഷതൈ നട്ടുപിടിപ്പിക്കൽ | തൊഴിലുറപ്പ് | 10 ലക്ഷം |
| 16 | മണ്ണ് കയ്യാല, കല്ല് കയ്യാല | തൊഴിലുറപ്പ് | 100 ലക്ഷം |
| 17 | ജൈവ വേലി നിർമ്മാണം | തൊഴിലുറപ്പ് | 10 ലക്ഷം |

# നീർത്തടം

(13M 35c)

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ കൂവപ്പടി ബ്ലോക്കിൽ അശമന്നൂർ ഗ്രാമപഞ്ചായത്തിൽ മൂവാറ്റുപുഴ നദീതടത്തിലെ ഒരു ചെറു നീർത്തടമാണ്.

വിസ്തീർണ്ണം - 5 ഹെക്ടർ

**അതിരുകൾ**

വടക്ക്

കിഴക്ക് മേതല പെറുവത്തൂർ തോട് നീർത്തടം

തെക്ക്

പടിഞ്ഞാറ് - രായമംഗലം പഞ്ചായത്ത് അതിർത്തി

കാലാവസ്ഥ : - ശരാശരി 3146 mm മഴ ലഭിക്കുന്നു 75% കാലവർഷമായും 18.2 തുലാവർഷമായും 5.7 വേനൽ മഴയായും ലഭിക്കുന്നു. ഈ നീർത്തടത്തിലെ വരൾച്ചാക്കാലം ഫെബ്രുവരി മുതൽ മെയ് വരെയാണ്.

**ജലവിഭവസ്ഥിതി**

1- നീർച്ചാകുകൾ

**നീർത്തടത്തിലെ പ്രധാന പ്രശ്നങ്ങൾ**

1 കുടിവെള്ള ക്ഷാമം

2 കാർഷിക മേഖലയിൽ തൊഴിലാളികൾ ലഭിക്കുന്നില്ല

3 നീർത്തടത്തിൽ വ്യാപകമായ മണ്ണൊലിപ്പ് ഉണ്ട്

4 ജലം വളരെപെട്ടെന്ന് ഒഴുകിപ്പോകുന്നു.

5 വരുമാന ദായകമായ തൊഴിലുകൾ ഇല്ല

**ഇടപെടൽ പ്രവർത്തനങ്ങൾ**

ഇടപെടൽ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതുകൊണ്ട് നീർത്തടത്തിലെ ജല ആഗിരണ ശേഷി വർദ്ധിക്കുന്നു. മണ്ണൊലിപ്പ് തടയുന്നു. കൃഷിയിൽ നിന്നുള്ള ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിക്കുന്നു. ഇതുമൂലം ജൈവസമ്പത്ത് വർദ്ധിക്കുന്നു. ഒപ്പം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്ട്രർ ചെയ്തവർക്ക് ആവശ്യത്തിന്

തൊഴിൽ നൽകുവാൻ സാധിക്കുന്നു.

നീർത്തടവികസന പരിപാടി

നീർത്തട വികസന പരിപാടി വരുന്ന അഞ്ചു വർഷത്തേയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇടപെടൽ നീർത്തടത്തിന്റെ മുകളിൽ നിന്നും താഴേക്കാണ്. ആദ്യ വർഷം കുന്നിൻ പ്രദേശങ്ങളിലെ മണ്ണ് ജല സംരക്ഷണം. രണ്ടാം വർഷം കുന്നിൻചെരുവിലും, മൂന്നാം വർഷം കുന്നിൻ താഴ്വരയിലും 4,5 വർഷങ്ങളിൽ നീർത്തടത്തിന്റെ താഴ്‌വരയിലും (നിരപ്പായ ഭൂമിയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.)

## പൊതു ആസ്തികൾ

നീർത്തടത്തിന്റെ പൊതു ആസ്തികൾ ആയ പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനർ നിർമ്മാണവും ആദ്യവർഷം തന്നെ ഏറ്റെടുക്കുന്നതാണ്. 2-ാം വർഷം നീർച്ചാല സംരക്ഷണം നികന്ന് പോയതും കൈയ്യേറിയതുമായ ജലസ്രോതസ്സുകൾ സംരക്ഷിക്കണം. തുടർ വർഷങ്ങളിൽ മറ്റ് പൊതു ആസ്തികളായ റോഡുകൾ, പുറമ്പോക്ക് ഭൂമി എന്നിവയുടെ സംരക്ഷണവും പുറമ്പോക്കു ഭൂമിയിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്യും. ഈ പ്രവർത്തനങ്ങൾ മൂലം നീർത്തടത്തിന്റെ ജൈവ സമ്പത്ത് വർദ്ധിക്കുകയും മൊത്തം ജനങ്ങൾക്ക് ഗുണം ലഭിക്കുകയും ചെയ്യും.

## മണ്ണ് ഭൂവിനിയോഗം

നീർത്തടത്തില കൂടുതലായും പശിമരാശികലർന്ന മണ്ണാണ് കൂടാതെ ചില സ്ഥലങ്ങളിൽ വെക്കുകല്ലുകലർന്ന മണ്ണും, പാറകലർന്ന മണ്ണും കാണപ്പെടുന്നു.